

# തീപ്പക്ഷി

വിവർത്തനം: ഓമന

ЖАР-ПТИЦА
РУССКИЕ НАРОДНЫЕ
СКАЗКИ

на языке малаялам

© മലയാളപരിഭാഷ.
പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, 1976

Ж $\frac{70802-372}{014(01)-76}$ 677-76

# തീപ്പക്ഷി



പണ്ടൊരിക്കൽ ഒരിടത്തു് ബെരെന്ദേയ് എന്നു പേരുള്ള ഒരു രാജാവു് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മൂന്നു പുത്രന്മാരിൽ ഏററവും ഇളയവന്റെ പേർ ഇവാൻ എന്നായിരുന്നു.

രാജാവിനു് ഭംഗിയുള്ള ഒരു ഉദ്യാനവും അതിൽ സ്വർണ്ണ ആപ്പിളുകൾ കായ്ക്കുന്ന ഒരു ആപ്പിൾമരവും ഉണ്ടായിരുന്നു.

സ്വർണ്ണ ആപ്പിളുകൾ ആരോ മോഷ്ടിക്കുന്നുണ്ടെന്നു് ഒരു ദിവസം രാജാവിനു മനസ്സിലായി. അതു് അദ്ദേഹത്തിനു് അതിയായ മനോവ്യഥ ഉണ്ടാക്കി. അദ്ദേഹം തോട്ടത്തിൽ കാവൽക്കാരെ നിയോഗിച്ചു. പക്ഷെ കള്ളനെ പിടിക്കാൻ അവർക്കു കഴിഞ്ഞില്ല.

രാജാവു് ദുഃഖംനിമിത്തം ഭക്ഷണപാനീയങ്ങൾ വെറുത്തു. പുത്രന്മാർ അദ്ദേഹത്തെ സമാധാനിപ്പിച്ചു: ''പ്രിയ പിതാവേ, അങ്ങു് വ്യസനിക്കേണ്ട. ഞങ്ങൾതന്നെ ഉദ്യാനത്തിൽ കാവൽ നില്ക്കാം.''

മൂത്തമകൻ പറഞ്ഞു: ''ഇന്നു് കാവൽ നില്ക്കുന്നതു് ഞാനാണു്.''

അവൻ ഉദ്യാനത്തിലെത്തി. സായാഹ്നം മുഴുവൻ അവൻ അവിടെ ചുററി നടന്നിട്ടും ആരെയും കണ്ടുമുട്ടിയില്ല. അതുകൊണ്ടു് അവൻ പുൽത്തകിടിയിൽ കിടന്നു് ഉറങ്ങി.

രാവിലെ രാജാവു് അവനോടു ചോദിച്ചു: ''നീ നല്ല വാർത്ത വല്ലതും കൊണ്ടുവന്നിട്ടുണ്ടോ? ആരാണു് കള്ളനെന്നു് കണ്ടുപിടിച്ചോ?''

''ഇല്ല, അച്ഛാ. ഞാൻ രാത്രിയിൽ കണ്ണടച്ചതേയില്ല. എന്നിട്ടും ആരെയും കണ്ടില്ല.''

പിറേറ ദിവസം രണ്ടാമത്തെ പുത്രൻ കാവലിനു പോയി. അവനും അവിടെ കിടന്നു് ഉറങ്ങി. കള്ളന്മാരെ ആരെയും താൻ കണ്ടില്ലെന്നു് അവൻ രാവിലെ അച്ഛനോടു പറഞ്ഞു.



ഇളയമകന്റെ ഊഴം വന്നു. ഇവാൻ രാജകുമാരൻ തോട്ടത്തിൽ കാവലിനു പോയ രാത്രി അവൻ കിടക്കുകപോയിട്ട് ഒന്നിരിക്കുക പോലും ചെയ്തില്ല. ഉറക്കം തന്നെ കീഴടക്കുമെന്നു തോന്നിയപ്പോഴെല്ലാം അവൻ മഞ്ഞുതുള്ളികളുകൊണ്ട് മുഖം കഴുകി. ഉടൻതന്നെ ഉറക്കം പോയി.

രാത്രി അതിക്രമിച്ചപ്പോൾ പെട്ടെന്ന് തോട്ടത്തിൽ ഒരു പ്രകാശം അവൻ കണ്ടു. അത് വർദ്ധിച്ചുവർദ്ധിച്ച് തോട്ടം മുഴുവൻ വ്യാപിച്ചു. സ്വർണ്ണ ആപ്പിൾ കൊത്തിത്തിന്നുകൊണ്ട് ആപ്പിൾ മരത്തിൽ തീപ്പക്ഷി ഇരിക്കുന്നത് ഇവാൻ കണ്ടു.

ഇവാൻ രാജകുമാരൻ ഒച്ചയുണ്ടാക്കാതെ മരത്തിനടുത്തെത്തി തീപ്പക്ഷിയുടെ വാലിൽ പിടികൂടി. എന്നാൽ പക്ഷി കുതറി പിടിവിടുവിച്ച് പറന്നുപോയി. അതിന്റെ വാലിലെ ഒരു തൂവൽ മാത്രം ഇവാന്റെ കയ്യിലിരുന്നു.

പിറേറന്നു രാവിലെ ഇവാൻ രാജകുമാരൻ അച്ഛന്റെ മുമ്പിലെത്തി.

‘‘മകനെ, നീ കള്ളനെ പിടിച്ചോ?’’ രാജാവ് ചോദിച്ചു.

‘‘പ്രിയപ്പെട്ട അച്ഛാ,’’ ഇവാൻ പറഞ്ഞു, ‘‘ഞാൻ അവനെ പിടിച്ചിട്ടില്ല, പക്ഷെ കള്ളനാരാണെന്ന് കണ്ടുപിടിച്ചു. ഇതാ അവൻ അങ്ങേയ്ക്കായി ഒരു തൂവൽ എന്നെ ഏല്പിച്ചിരിക്കുന്നു. തീപ്പക്ഷിയാണ് കള്ളൻ, അച്ഛാ.’’

രാജാവ് തൂവൽ വാങ്ങി. അപ്പോൾമുതൽ അദ്ദേഹത്തിന് ഉന്മേഷം തോന്നി. അദ്ദേഹം ആഹാരം കഴിച്ചുതുടങ്ങി. എന്നാൽ ഒരു സുപ്രഭാതത്തിൽ തീപ്പക്ഷിയെപ്പററിയുള്ള ചിന്ത അദ്ദേഹത്തെ അലട്ടിത്തുടങ്ങി.

അദ്ദേഹം പുത്രന്മാരെ വിളിച്ച് ഇങ്ങിനെ പറഞ്ഞു:

‘‘എന്റെ പ്രിയപുത്രന്മാരെ, നിങ്ങൾ നിങ്ങളുടെ വിശ്വസ്തരായ കുതിരകളുടെ പുറത്തു കയറി ദേശസഞ്ചാരത്തിനു പോകണമെന്നാണ് എന്റെ അഭിപ്രായം. ഒരുപക്ഷെ നിങ്ങൾക്ക് തീപ്പക്ഷിയെ കാണാൻ കഴിഞ്ഞേക്കും.’’

പുത്രന്മാർ രാജാവിനെ വണങ്ങിയിട്ട് വിശ്വസ്തരായ കുതിരകളുടെ പുറത്തു കയറി പുറപ്പെട്ടു. മൂത്തവൻ ഒരു വഴിയെ പോയി. രണ്ടാമത്തവൻ മററൊരു വഴിയെ പോയി. ഇവാൻ രാജകുമാരൻ മൂന്നാമതൊരു വഴിയിലൂടെയാണ് സഞ്ചരിച്ചത്.

ഇവാൻ രാജകുമാരൻ എത്ര ദൂരം സഞ്ചരിച്ചെന്ന് പറയാൻ കഴിയില്ല. എന്നാൽ ഒരു ചൂടുള്ള മദ്ധ്യാഹ്നത്തിൽ യാത്രാക്ഷീണം കൊണ്ട് തളർന്ന് അവൻ കുതിരപ്പുറത്തുനിന്നിറങ്ങി വിശ്രമിക്കാനായി ഒരിടത്തു കിടന്നു.

അവൻ എത്ര നേരം ഉറങ്ങിയെന്ന് ഇന്നുവരെ ആർക്കും അറിഞ്ഞുകൂടാ. എന്നാൽ ഉണർന്നപ്പോൾ അവന്റെ കുതിരയെ കാണാനില്ലായിരുന്നുവെന്ന് നമുക്കറിയാം. അവൻ കുതിരയെ അന്വേഷിച്ച് നടന്നു. നടന്നു നടന്ന് ഒടുവിൽ കുതിര കിടക്കുന്നിടത്ത് അവൻ എത്തി. പക്ഷെ കുതിരയുടെ അസ്ഥി മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു.

ഇവാൻ രാജകുമാരൻ വിഷമസ്ഥിതിയിലായി. കുതിരയില്ലാതെ എങ്ങിനെ യാത്രചെയ്യും? ‘‘കുതിരയില്ലെങ്കിൽ നടന്നു പോകാം,’’ എന്ന് വിചാരിച്ചുകൊണ്ട് അവൻ നടന്നു.

നടന്നു നടന്ന് അവൻ തളർന്നു. ദുഃഖിതനും നിരാശനുമായ അവൻ വിശ്രമിക്കാൻ പുല്ലിൽ ഇരുന്നു. എവിടെനിന്നെന്നറിയില്ല, ആ സമയത്ത് ഒരു ചെന്നായ് അവിടെയെത്തി ഇങ്ങിനെ പറഞ്ഞു:

‘‘ഇവാൻ രാജകുമാരാ, ഇത്ര ദുഃഖിതനും അശരണനുമായി ഇവിടെ ഇരിക്കാൻ കാരണമെന്താണ്?’’

‘‘ഞാൻ എങ്ങിനെ ദുഃഖിക്കാതിരിക്കും? എനിക്ക് എന്റെ വിശ്വസ്തനായ കുതിര നഷ്ടപ്പെട്ടു.’’

‘‘ഞാനാണ്, ഇവാൻ രാജകുമാരാ, അങ്ങയുടെ കുതിരയെ തിന്നത്. പക്ഷെ എനിക്ക് അങ്ങയോട് ഇപ്പോൾ സഹതാപം തോന്നുന്നു. സ്വദേശത്തുനിന്ന് ഇത്ര ദൂരെ അങ്ങെന്താണ് ചെയ്യുന്നത്? എങ്ങോട്ടാണ് പോകുന്നത്?’’

‘‘തീപ്പക്ഷിയെ അന്വേഷിച്ച് അച്ഛൻ എന്നെ അയച്ചിരിക്കയാണ്.’’

‘‘പക്ഷെ ആ കുതിരയുടെ പുറത്ത് മൂന്നു വർഷം സഞ്ചരിച്ചാലും അങ്ങേക്ക് തീപ്പക്ഷിയുടെ അടുത്തെത്താൻ കഴിയുകയില്ല. അത് എവിടെയാണ് താമസിക്കുന്നതെന്ന് എനിക്കു മാത്രമേ അറിയൂ. അതുകൊണ്ട് ഇങ്ങിനെ ചെയ്യാം: ഞാൻ അങ്ങയുടെ കുതിരയെ തിന്നതിനു പകരം ഇനിമേൽ അങ്ങയുടെ വിശ്വസ്ത ഭൃത്യനായിരിക്കാം. എൻെറ പുറത്തു കയറി മുറുകെ പിടിച്ചിരുന്നോളൂ.’’

ഇവാൻ രാജകുമാരൻ ചെന്നായുടെ പുറത്തു കയറി. അത് മിന്നൽവേഗത്തിൽ പാഞ്ഞു. പച്ചക്കാടുകളും പിന്നിലാക്കി, നീലത്തടാകങ്ങളും തരണം ചെയ്ത് അത് ഒടുവിൽ പൊക്കമുള്ള മതിലുകളാൽ ചുററപ്പെട്ട ഒരു കൊട്ടാരത്തിനടുത്തെത്തി.

‘‘ഇവാൻ രാജകുമാരാ,’’ ചെന്നായ് പറഞ്ഞു, ‘‘ശ്രദ്ധിച്ചു കേട്ടാലും. ഞാൻ പറയുന്നത് ഓർമ്മയിൽ വച്ചുകൊള്ളണം. ഒന്നും ഭയപ്പെടാനില്ല—നമ്മളും ഒരു നല്ല സമയത്താണ് വന്നത്: പാറാവുകാരെല്ലാവരും ഉറക്കമാണ്. ഗോപുരത്തിനുള്ളിൽ ഒരു അറയുണ്ട്. ആ അറയ്ക്ക് ഒരു ജനലുണ്ട്. ആ ജനലിൽ ഒരു സ്വർണ്ണക്കൂടുണ്ട്. ആ സ്വർണ്ണക്കൂട്ടിൽ തീപ്പക്ഷി ഇരിക്കുന്നുണ്ട്. പക്ഷിയെ എടുത്ത് നെഞ്ചിൽ ഒളിച്ചുവയ്ക്കണം. പക്ഷെ കൂട് എടുക്കരുത്. ഇതു പ്രത്യേകം ഓർമ്മയിലിരിക്കട്ടെ!’’

ഇവാൻ രാജകുമാരൻ മതിൽ ചാടി അകത്തു കടന്നു. ഗോപുരത്തിൻെറ ജനാലയിൽ സ്വർണ്ണക്കൂടും അതിനുള്ളിൽ തീപ്പക്ഷിയും ഇരിക്കുന്നത് അവൻ കണ്ടു. അവൻ പക്ഷിയെ എടുത്ത് നെഞ്ചിൽ ഒളിച്ചുവച്ചു. അവന് ആ കൂട്ടിൽനിന്ന് കണ്ണെടുക്കാൻ കഴിഞ്ഞില്ല. ‘‘എത്ര ഭംഗിയുള്ള സ്വർണ്ണക്കൂട്!’’ അവൻ വിചാരിച്ചു. ചെന്നായുടെ താക്കീത് മറന്ന് അവൻ കൂടു കയ്യിലെടുത്തു. ആ നിമിഷം കൊട്ടാരം മുഴുവൻ ശബ്ദായമാനമായിത്തീർന്നു—കാഹളധ്വനി മുഴങ്ങി, ചെണ്ടകളും കൊട്ടി, പാറാവുകാർ ഉണർന്നു.



അവർ ഇവാൻ രാജകുമാരനെ പിടിച്ച് അഫ്റോൺ രാജാവിന്റെ സന്നിധിയിൽ കൊണ്ടുചെന്നു.

“നീ ആരാണ്, എവിടുന്നാണ്?” അഫ്റോൺ രാജാവ് രോഷാകുലനായി ചോദിച്ചു.

“ഞാൻ ബെരെന്ദേയ് രാജാവിന്റെ പുത്രനായ ഇവാൻ രാജകുമാരനാണ്.”

“ഹാ, കഷ്ടം! ഒരു രാജകുമാരൻ കള്ളനായിത്തീരുന്നത് എത്ര അപമാനകരമാണ്!”

“പക്ഷെ ഞങ്ങളുടെ തോട്ടത്തിൽനിന്ന് ആപ്പിൾ മോഷ്ടിക്കാൻ അങ്ങ് ആ പക്ഷിയെ അനുവദിച്ചതോ?” ഇവാൻ ചോദിച്ചു.

“നീ ഇക്കാര്യം എന്നോട് നേരിട്ട് പറഞ്ഞിരുന്നെങ്കിൽ നിന്റെ അച്ഛനായ ബെരെന്ദേയ് രാജാവിനോടുള്ള ബഹുമാനസൂചകമായി ഞാൻ ആ പക്ഷിയെ നിനക്കു സമ്മാനിക്കുമായിരുന്നു. പക്ഷെ ഇപ്പോൾ നിന്റെ കുടുംബത്തിന്റെ ഈ അപകീർത്തി ഞാൻ എല്ലായിടത്തും പ്രസിദ്ധപ്പെടുത്തും. അല്ലെങ്കിൽ പോകട്ടെ—ഞാനതു ചെയ്യുന്നില്ല. നീ എനിക്ക് ഒരു കാര്യം സാധിച്ചുതന്നാൽ ഞാൻ നിനക്ക് മാപ്പുതരാം. ഒരു രാജ്യത്ത് കുസ്മാൻ എന്നുപേരുള്ള ഒരു രാജാവിന് സ്വർണ്ണക്കുഞ്ചിരോമമുള്ള ഒരു കുതിരയുണ്ട്. ആ കുതിരയെ നീ എനിക്കു കൊണ്ടുത്തരികയാണെങ്കിൽ ഞാൻ നിനക്ക് തീപ്പക്ഷിയെ മാത്രമല്ല, സ്വർണ്ണക്കൂടും തരാം.”

ഇവാൻ രാജകുമാരൻ നിരാശനായി ചെന്നായുടെ അടുത്തേക്കു മടങ്ങി.

“കൂട് തൊട്ടുപോകരുതെന്ന് ഞാൻ അങ്ങയോട് പറഞ്ഞിരുന്നു,” ചെന്നായ് പറഞ്ഞു. “എന്റെ മുന്നറിയിപ്പ് വകവയ്ക്കാതിരുന്നതെന്താണ്?”

“എനിക്ക് വളരെ ഖേദമുണ്ട്. ചെന്നായെ, എനിക്ക് മാപ്പുതരൂ.”

“ഖേദിച്ചതുകൊണ്ട് വലിയ പ്രയോജനമൊന്നും ഇല്ല. സമയം കളയാതെ എന്റെ പുറത്തു കയറി ഇരിക്കൂ. ഞാൻ എന്റെ വാക്കു പാലിക്കതന്നെ ചെയ്യും.”

ഇവാൻ രാജകുമാരനേയും കൊണ്ട് ചെന്നായ് അതിശീഘ്രം പാഞ്ഞു. അവർ എത്രകാലം യാത്ര ചെയ്തെന്ന് അറിയില്ല. ഒടുവിൽ സ്വർണ്ണക്കുഞ്ചിരോമമുള്ള കുതിരയെ സൂക്ഷിച്ചിരുന്ന കൊട്ടാരത്തിൽ അവർ എത്തി.

“ഇവാൻ രാജകുമാരാ, മതിൽ ചാടി അപ്പുറത്തിറങ്ങിക്കോളൂ, പാറാവുകാർ ഉറക്കമാണ്. ലായത്തിൽ കയറി കുതിരയെ ഇറക്കിക്കൊണ്ടു വരണം. എന്നാൽ കടിഞ്ഞാണിൽ തൊട്ടുപോകരുത്.”

ഇവാൻ രാജകുമാരൻ കൊട്ടാരത്തിൽ കയറി. പാറാവുകാർ എല്ലാവരും ഉറക്കമായിരുന്നു. അവൻ ലായത്തിൽ കയറി കുതിരയെ പിടിച്ചു. എന്നാൽ കടിഞ്ഞാൺ എടുക്കാതിരിക്കാൻ അവനു കഴിഞ്ഞില്ല—സ്വർണ്ണംകൊണ്ടുണ്ടാക്കി കല്ലുകൾ പതിച്ച ആ കടിഞ്ഞാൺ ആ കുതിരയ്ക്ക് ചേർന്നതായിരുന്നു.

ഇവാൻ അതു തൊട്ടയുടനെ കൊട്ടാരത്തിലാകെ ബഹളമായി. കാഹളധ്വനി മുഴങ്ങി, ചെണ്ടകൾ കൊട്ടി. പാറാവുകാർ ഉണർന്നു. അവർ ഇവാൻ രാജകുമാരനെ പിടിച്ച് കുസ്മാൻ രാജാവിന്റെ സന്നിധിയിൽ കൊണ്ടുചെന്നു.

“നീ ആരാണ്, എവിടുന്നാണ്?”

“ഞാൻ ഇവാൻ രാജകുമാരനാണ്.”

“കുതിരയെ മോഷ്ടിക്കാനിറങ്ങിയിരിക്കുന്നു! എന്തൊരു വിഡ്ഢിത്തമാണിത്! ഒരു സാധാരണക്കാരനായ കൃഷീവലൻപോലും ഇത്ര അധഃപതിക്കയില്ല. എങ്കിലും ഞാൻ നിനക്കു മാപ്പുതരാം. ഒരു കാര്യം സാധിച്ചുതരണമെന്നു മാത്രം. ദാൽമാത് രാജാവിന് സുന്ദരിയായ യെലേന എന്നു പേരുള്ള ഒരു മകളുണ്ട്. അവളെ മോഷ്ടിച്ച് എനിക്കു തരാമെങ്കിൽ ഞാൻ കുതിരയേയും കടിഞ്ഞാണും നിനക്കു തരാം.”

ഇവാൻ രാജകുമാരൻ പഴയതിലും നിരാശനായാണ് ചെന്നായുടെ അടുത്തെത്തിയത്.

''രാജകുമാരാ, കടിഞ്ഞാൺ തൊടരുതെന്ന് ഞാൻ പറഞ്ഞിരുന്നല്ലോ!'' ചെന്നായ് ചോദിച്ചു. ''എൻെറ മുന്നറിയിപ്പ് അവഗണിച്ചതെന്താണ്?''

''ഞാൻ വളരെ ഖേദിക്കുന്നു. എനിക്ക് മാപ്പുതരു.''

''ഖേദിച്ചതുകൊണ്ട് വലിയ പ്രയോജനമൊന്നും ഇല്ല. സമയം കളയാതെ എൻെറ പുറത്തിരുന്നോളൂ.''

ചെന്നായ് ഇവാനേയുംകൊണ്ട് അതിവേഗം ഓടി. ഒടുവിൽ അവർ ദാൽമാത് രാജാവിൻെറ രാജ്യത്തെത്തി. സുന്ദരിയായ യെലേന ഉദ്യാനത്തിൽ തോഴിമാരോടൊപ്പം ഉലാത്തുകയായിരുന്നു.

''ഇത്തവണ ഞാൻ പോകാം,'' ചെന്നായ് പറഞ്ഞു. ''രാജകുമാരൻ നാം വന്ന വഴിയെ മടങ്ങിപ്പോകണം. ഞാൻ ഒപ്പമെത്തിക്കോളാം.''

ഇവാൻ രാജകുമാരൻ തിരിച്ചു നടന്നു. ചെന്നായ് മതിൽ ചാടി തോട്ടത്തിലെത്തി. അത് ഒരു കുററിച്ചെടിയുടെ പിന്നിൽ പതുങ്ങിയിരുന്ന് ഒളിഞ്ഞുനോക്കി. സുന്ദരിയായ യെലേനയും തോഴിമാരും തോട്ടത്തിൽ നടന്നുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ യെലേന മററുള്ളവരുടെ പിന്നിലായി. ആ തക്കംനോക്കി ചെന്നായ് അവളെ പിടിച്ച് പുറത്തു വച്ചുകൊണ്ട് മതിൽ ചാടി ഓടി.

ഇവാൻ രാജകുമാരൻ വന്നവഴിയെ തിരിച്ചുപോവുകയായിരുന്നു. പെട്ടെന്ന് ചെന്നായ് യെലേനയേയും പുറത്തിരുത്തിക്കൊണ്ട് ഒപ്പമെത്തി. ഇവാന് ഇതിൽപ്പരം സന്തോഷം ഉണ്ടാകാനില്ല!

''അങ്ങും എൻെറ പുറത്തു കയറിക്കോളൂ. വേഗം വേണം. അല്ലെങ്കിൽ അവർ നമ്മെ പിടികൂടും,'' ചെന്നായ് പറഞ്ഞു.

ഇവാനെയും യെലേനയേയും പുറത്തിരുത്തിക്കൊണ്ട് ചെന്നായ് വായുവേഗത്തിൽ ഓടി. പച്ചക്കാടുകൾ പിന്നിട്ട് നീലത്തടാകങ്ങൾ തരണംചെയ്ത് അവർ ഒടുവിൽ കുസ്മാൻ രാജാവിൻെറ രാജ്യത്തെത്തി.

''ഇവാൻ രാജകുമാരാ, അങ്ങെന്താണ് ഇത്ര ദുഃഖിതനും മൗനിയും ആയിരിക്കുന്നത്?'' ചെന്നായ് ചോദിച്ചു.



''ഞാനെങ്ങിനെ ദുഃഖിക്കാതിരിക്കും? ഈ സൗന്ദര്യവതിയെ കൈവെടിയാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. സുന്ദരിയായ യെലേനയെ കൊടുത്തിട്ട് ഒരു കുതിരയെ വാങ്ങണമല്ലോ എന്നോർത്ത് എന്റെ ഹൃദയം തകരുന്നു.''

''ഈ സുന്ദരിയെ കൊടുക്കേണ്ട. ഇവളെ എവിടെയെങ്കിലും ഒളിച്ചിരുത്തിയിട്ട് ഞാൻ സുന്ദരിയായ യെലേനയായി അങ്ങയോടൊപ്പം വരാം. അങ്ങ് എന്നെ രാജാവിനു് കൊടുത്താൽ മതി.''

അവർ സുന്ദരിയായ യെലേനയെ കാട്ടിലുള്ള ഒരു കുടിലിൽ ഒളിച്ചിരുത്തി. ചെന്നായ് ഒന്നു തലകുത്തിമറിഞ്ഞു, ഉടൻതന്നെ അത് സുന്ദരിയായ യെലേനയുടെ പ്രതിരൂപമായി മാറി. ഇവാൻ അതിനെ കുസ്മാൻ രാജാവിന്റെ അടുത്തേക്കു് കൊണ്ടുപോയി. രാജാവ് സന്തുഷ്ടനായി. അയാൾക്കു് ഇവാനോട് അതിയായ കൃതജ്ഞത തോന്നി.

''എനിക്കു് ഒരു വധുവിനെ കൊണ്ടുവന്നതിനു് നന്ദി. കുതിരയും കടിഞ്ഞാണും ഇപ്പോൾ നിന്റേതാണ്.''

ഇവാൻ കുതിരപ്പുറത്തു കയറി സുന്ദരിയായ യെലേനയുടെ അടുത്തേക്കു പോയി. അവളേയും കുതിരപ്പുറത്തിരുത്തി അവൻ കുതിരയെ അതിവേഗം ഓടിച്ചു.

കുസ്മാൻ രാജാവ് വിവാഹം ആഘോഷിച്ചു. പകൽ മുഴുവൻ നീണ്ടുനിന്ന സൽക്കാരവും സദ്യയും കഴിഞ്ഞ് അയാൾ യെലേനയേയും കൊണ്ട് കിടപ്പറയിൽ പ്രവേശിച്ചു. യുവതിയായ ഭാര്യയുടെ മുഖത്തിനു പകരം ഒരു ചെന്നായുടെ മോന്തയാണ് രാജാവ് കട്ടിലിൽ തന്റെയടുത്ത് കണ്ടത്. അയാൾ പേടിച്ച് കട്ടിലിൽനിന്നു് താഴെ വീണു. ചെന്നായ് ചാടിയെണീറ്റ് പുറത്തേയ്ക്കോടി.

ചെന്നായ് ഇവാൻ രാജകുമാരന്റെ ഒപ്പം എത്തിയിട്ട് ചോദിച്ചു:

''രാജകുമാരനു് എന്താണ് ദുഃഖം?''

''ഞാൻ എങ്ങിനെ ദുഃഖിക്കാതിരിക്കും? തീപ്പക്ഷിയെ കിട്ടാൻ വേണ്ടി സ്വർണ്ണക്കുഞ്ചിരോമമുള്ള കുതിരയെ കൊടുക്കാൻ എനിക്കു് മനസ്സുവരുന്നില്ല.''

''വിഷമിക്കേണ്ട, ഞാൻ വഴിയുണ്ടാക്കാം,'' ചെന്നായ് പറഞ്ഞു.

അവർ താമസിയാതെ അഫ്റോൺ രാജാവിന്റെ രാജ്യത്തെത്തി.

''കുതിരയേയും സുന്ദരിയായ യെലേനയേയും ഒളിപ്പിക്കാം,'' ചെന്നായ് പറഞ്ഞു. ''ഞാൻ സ്വർണ്ണക്കുഞ്ചിരോമമുള്ള കുതിരയായി അഫ്റോൺ രാജാവിന്റെയടുത്തേക്കു് വരാം.''

അവർ യെലേനയേയും കുതിരയേയും ഒരു കാട്ടിൽ ഒളിച്ചിരുത്തി. ചെന്നായ് തലകുത്തിമറിഞ്ഞ് കുതിരയായി മാറി, ഇവാനോടൊപ്പം രാജാവിന്റെയടുത്തേക്കു പോയി. രാജാവ് സന്തോഷിച്ച് തീപ്പക്ഷിയെ സ്വർണ്ണക്കൂട്ടിലിട്ട് ഇവാനു നല്കി.

ഇവാൻ നടന്നു് കാട്ടിലെത്തി യെലേനയെ കുതിരപ്പുറത്തു കയററി സ്വർണ്ണക്കൂട്ടിലെ തീപ്പക്ഷിയേയുംകൊണ്ട് സ്വന്തം നാട്ടിലേക്കു് തിരിച്ചു.

അഫ്റോൺ രാജാവ് കുതിരപ്പുറത്തുകയറാൻ തയ്യാറായിനിന്നയുടൻ കുതിര ഒരു ഭയങ്കരനായ ചെന്നായായി. രാജാവ് പേടിച്ച് ബോധംകെട്ടു വീണു. ചെന്നായ് ഓടി ഇവാനോടൊപ്പം എത്തി.

''വിട തരൂ,'' അതു പറഞ്ഞു. ''ഇനി മുമ്പോട്ട് വരാൻ എനിക്കു് നിവൃത്തിയില്ല.''

ഇവാൻ രാജകുമാരൻ കുതിരപ്പുറത്തുനിന്നിറങ്ങി. ചെന്നായെ മൂന്നുപ്രാവശ്യം നമസ്കരിച്ചിട്ട് അവൻ അതിനോട് കൃതജ്ഞത പറഞ്ഞു.

''എന്നെന്നേയ്ക്കുമായി യാത്രപറയേണ്ട. അങ്ങേക്കു് ഇനിയും എന്നെക്കൊണ്ട് ആവശ്യമുണ്ടായെന്നു വരും,'' ചെന്നായ് പറഞ്ഞു.

''ഇനി ഇതിനെക്കൊണ്ട് എനിക്കു് എന്താവശ്യമാണ്?'' ഇവാൻ വിചാരിച്ചു. ''എന്റെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകഴിഞ്ഞു.''

സുന്ദരിയായ യെലേനയേയും തീപ്പക്ഷിയേയുംകൊണ്ട് അവൻ കുതിരപ്പുറത്തു കയറി അതിവേഗം സഞ്ചരിച്ചു. സ്വന്തം രാജ്യത്തെത്തിയപ്പോൾ കുതിരയെ നിർത്തി ആഹാരം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യാൻ അവൻ തീരുമാനിച്ചു. അവൻെറ കൈവശം കുറച്ച് റൊട്ടിയുണ്ടായിരുന്നു. അവർ അതു തിന്നുകയും ഉറവയിൽനിന്നു് വെള്ളം കുടിക്കുകയും ചെയ്തു. പിന്നീട് അവർ വിശ്രമിക്കാൻ കിടന്നു.

ഇവാൻ രാജകുമാരൻ ഉറങ്ങിക്കിടക്കുമ്പോൾ അവൻെറ സഹോദരന്മാർ രണ്ടുപേരും കുതിരപ്പുറത്ത് ആ വഴി വന്നു. അവർ പല രാജ്യങ്ങളിലും തീപ്പക്ഷിയെ അന്വേഷിച്ചു നടന്നിട്ട് വെറും കയ്യോടെ മടങ്ങുകയായിരുന്നു.

ഇവാൻ രാജകുമാരന് കിട്ടിയതെല്ലാം കണ്ടിട്ട് അവർ പറഞ്ഞു: ''നമുക്ക് അനുജനായ ഇവാനെ വധിക്കാം. എന്നിട്ട് അവനു കിട്ടിയതെല്ലാം സ്വന്തമാക്കാം.''

ഇങ്ങിനെ പറഞ്ഞുകൊണ്ട് അവർ ഇവാനെ വധിച്ചു. അവർ സ്വർണ്ണക്കുഞ്ചിരോമമുള്ള കുതിരയുടെ പുറത്തു കയറി. തീപ്പക്ഷിയേയും യെലേനയേയും കുതിരപ്പുറത്തു കയററി ഇരുത്തിക്കൊണ്ട് അവർ പറഞ്ഞു:

''ഈ സംഭവത്തെപ്പററി വീട്ടിൽച്ചെല്ലുമ്പോൾ നീ ഒരക്ഷരം മിണ്ടിപ്പോകരുത് !''

പാവം ഇവാൻ മണ്ണിൽക്കിടന്നു. അവൻെറ മൃതദേഹത്തിനു ചുററും മലങ്കാക്കകൾ വട്ടമിട്ടു പറന്നു. പെട്ടെന്ന് നമ്മുടെ ചെന്നായ് അവിടെയെത്തി ഒരു മലങ്കാക്കയേയും അതിൻെറ കുഞ്ഞിനേയും പിടികൂടി.

''പറന്നുപോയി മരണജലവും ജീവജലവും കൊണ്ടുവരൂ, മലങ്കാക്കേ,'' ചെന്നായ് പറഞ്ഞു. ''എന്നാൽ ഞാൻ നിൻെറ കുഞ്ഞിനെ വിട്ടുതരാം.''

മലങ്കാക്ക മരണജലവും ജീവജലവും അന്വേഷിച്ച് പറന്നുപോയി. അതിന് മററു മാർഗ്ഗമൊന്നുമില്ലായിരുന്നു—കാക്കക്കുഞ്ഞു്



അപ്പോഴും ചെന്നായുടെ പിടിയിലിരിക്കുകയായിരുന്നല്ലോ. കുറേക്കഴിഞ്ഞ് അത് ജീവജലവും മരണജലവുംകൊണ്ട് തിരിച്ചെത്തി. ചെന്നായ് ഇവാൻെറ മുറിവുകളിൽ മരണജലം പുരട്ടി. ഉടൻ തന്നെ അവ ഉണങ്ങി. പിന്നീട് അത് ജീവജലം ഇവാൻെറമേൽ തളിച്ചു. ഉടൻതന്നെ ഇവാന് ജീവൻ വീണു.

''ഞാൻ ചത്തതുപോലെ കിടന്നുറങ്ങി!'' ഇവാൻ രാജകുമാരൻ പറഞ്ഞു.

''അതെയതെ,'' ചെന്നായ് പറഞ്ഞു. ''ഞാനെത്തിയില്ലായിരുന്നെങ്കിൽ ആ ഉറക്കത്തിൽനിന്ന് അങ്ങ് ഒരിക്കലും ഉണരുകയില്ലായിരുന്നു. അങ്ങയുടെ സ്വന്തം സഹോദരന്മാർ അങ്ങയെ വധിച്ചിട്ട് അങ്ങയുടെ നിധികരം കൈവശപ്പെടുത്തി. ഇനി സമയം കളയാതെ എൻെറ പുറത്തു കയറിക്കോളൂ.''

അവർ അതിവേഗം പാഞ്ഞുപോയി ഇവാൻെറ സഹോദരന്മാരോടൊപ്പം എത്തി. ചെന്നായ് അവരെ രണ്ടുപേരെയും കഷണംകഷണമായി പിച്ചിച്ചീന്തി, വെളിപ്രദേശത്ത് വിതറിയിട്ടു.

ഇവാൻ രാജകുമാരൻ ചെന്നായെ നമസ്കരിച്ചിട്ട് എന്നെന്നേക്കുമായി അതിനോടു വിടവാങ്ങി.

ഇവാൻ രാജകുമാരൻ സ്വർണ്ണക്കുഞ്ചിരോമമുള്ള കുതിരപ്പുറത്തു കയറി അച്ഛന് തീപ്പക്ഷിയേയും തനിക്ക് ഒരു വധുവിനേയും കൊണ്ട് കൊട്ടാരത്തിലെത്തി. ചെന്നായ് തന്നെ സഹായിച്ചതും സ്വന്തം സഹോദരന്മാർ തന്നെ വധിച്ചതും ചെന്നായ് അവരെ കടിച്ചുചീന്തിയതും ഇവാൻ, രാജാവിനോട് വിവരിച്ചു പറഞ്ഞു.

ആദ്യം ബെരെന്ദേയ് രാജാവ് കഠിനമായി ദുഃഖിച്ചു. എന്നാൽ താമസിയാതെ അദ്ദേഹം ദുഃഖത്തെ കീഴടക്കി. ഇവാൻ രാജകുമാരൻ സുന്ദരിയായ യെലേനയെ വിവഹംചെയ്ത് സുഖമായി താമസിച്ചു.

# തവളരാജകുമാരി



പണ്ടു പണ്ടു് ഒരു രാജാവിനു് മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. പുത്രന്മാർക്കു് വിവാഹപ്രായമെത്തിയപ്പോൾ രാജാവു് അവരെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു: ''മക്കളെ, എനിക്കു് പേരക്കിടാങ്ങളെ കണ്ടിട്ടുവേണം മരിക്കാൻ. അതുകൊണ്ടു് നിങ്ങൾ വിവാഹം ചെയ്യണം.''

പുത്രന്മാർ പറഞ്ഞു: ''അങ്ങിനെയാകട്ടെ, അച്ഛാ. ഞങ്ങൾ ആരെയാണു് കല്യാണം കഴിക്കേണ്ടതു്?''

''നിങ്ങൾ ഓരോരുത്തരും ഓരോ അമ്പു് എടുത്തുകൊണ്ടു് പുൽത്തകിടിയിൽ പോയി എയ്യണം. അമ്പു ചെന്നു വീഴുന്നിടത്തു് നിങ്ങൾ വധുക്കളെ കണ്ടുമുട്ടും.''

മക്കൾ പിതാവിനെ വന്ദിച്ചിട്ടു് ഓരോ അമ്പുമെടുത്തുകൊണ്ടു് പുൽത്തകിടിയിലേക്കു പോയി. അവിടെ അവർ ഞാൺ വലിച്ചു് അമ്പെയ്തു. മൂത്തമകന്റെ അമ്പു വീണതു് ഒരു പ്രഭുവിന്റെ മുററത്താണു്. പ്രഭുവിന്റെ മകൾ അതു് കയ്യിലെടുത്തു. രണ്ടാമത്തെ മകന്റെ അമ്പു വീണതു് ഒരു കച്ചവടക്കാരന്റെ വീട്ടുമുററത്താണു്. കച്ചവടക്കാരന്റെ പുത്രി അതെടുത്തു.

എന്നാൽ ഇളയമകനായ ഇവാൻ രാജകുമാരന്റെ അമ്പു് പാഞ്ഞു പോയി എവിടെയോ അപ്രത്യക്ഷമായി. രാജകുമാരൻ അതന്വേഷിച്ചു് വളരെ ദൂരം നടന്നു. ഒടുവിൽ അവൻ ഒരു ചതുപ്പുനിലത്തിലെത്തിച്ചേർന്നു. അവിടെ ഒരു ഇലയിൽ തന്റെ അമ്പും കടിച്ചുപിടിച്ചുകൊണ്ടു് ഒരു തവള ഇരിക്കുന്നതു് രാജകുമാരൻ കണ്ടു. ഇവാൻ രാജകുമാരൻ തവളയോടു് ഇങ്ങിനെ പറഞ്ഞു:

''തവളേ, തവളേ, എന്റെ അമ്പു് മടക്കിത്തരൂ.''

തവള പറഞ്ഞു:

''എന്നെ കല്യാണം കഴിക്കൂ!''

''ഞാൻ ഒരു തവളയെ കല്യാണം കഴിക്കുന്നതു് എങ്ങിനെയാണു്!''



''എന്നെ കല്യാണം കഴിക്കൂ. അതാണ് നിങ്ങളുടെ തലയിലെഴുത്ത്.''

ഇവാൻ രാജകുമാരന് കഠിനമായ ദുഃഖവും നിരാശയും തോന്നിയെങ്കിലും മററു മാർഗ്ഗമൊന്നുമില്ലായിരുന്നു. അവൻ തവളയെ എടുത്ത് വീട്ടിൽ കൊണ്ടുപോയി. രാജാവ് മൂന്നു വിവാഹങ്ങൾ ആഘോഷിച്ചു: മൂത്തമകൻ പ്രഭുകുമാരിയെ വിവാഹം ചെയ്തു, രണ്ടാമൻ കച്ചവടക്കാരൻെറ പുത്രിയെ വിവാഹംചെയ്തു, പാവം ഇവാൻ രാജകുമാരൻ തവളയെ വിവാഹംചെയ്തു.

ഒരു ദിവസം രാജാവ് പുത്രന്മാരെ വിളിച്ച് പറഞ്ഞു:

''നിങ്ങളിൽ ആരുടെ ഭാര്യയ്ക്കാണ് തുന്നൽപ്പണിയിൽ കൂടുതൽ വൈദഗ്ദ്ധ്യം എന്നു ഞാൻ നോക്കട്ടെ. നാളെ നേരം വെളുക്കുമ്പോഴേക്ക് അവർ ഓരോരുത്തരും എനിക്ക് ഓരോ കുപ്പായം തുന്നണം.''

പുത്രന്മാർ അച്ഛനെ വന്ദിച്ചിട്ട് അവിടുന്നിറങ്ങി.

ഇവാൻ രാജകുമാരൻ വീട്ടിൽ ചെന്ന് ദുഃഖിതനായി ഒരു മൂലയിൽ ഇരുന്നു. തവള ചാടിച്ചാടി വന്ന് ചോദിച്ചു:

''ഇവാൻ രാജകുമാരാ, നിങ്ങൾക്ക് എന്താണിത്ര ദുഃഖം? എന്തെങ്കിലും ആപത്തിലകപ്പെട്ടോ?''

''നാളെ നേരം വെളുക്കുമ്പോൾ നീ എൻെറ അച്ഛന് ഒരു കുപ്പായം തുന്നിക്കൊടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു.''

തവള പറഞ്ഞു:

''വ്യസനിക്കേണ്ട, ഇവാൻ രാജകുമാരാ. പോയി ഉറങ്ങൂ. രാത്രിയിൽ എന്തെങ്കിലും വഴിയുണ്ടാകും.''

ഇവാൻ രാജകുമാരൻ ഉറങ്ങി. തവള വാതിൽപ്പടിയിന്മേൽ ചാടിക്കയറിയിട്ട് അതിൻെറ തൊലി അഴിച്ചുമാററി. ഉടൻതന്നെ അത് ബുദ്ധിമതിയായ വസിലീസ രാജകുമാരിയായി മാറി. അവൾ അതിസുന്ദരിയായിരുന്നു.

അവൾ കൈകൊട്ടിക്കൊണ്ട് വിളിച്ചുപറഞ്ഞു:

''ദാസിമാരെ, തയ്യാറെടുക്കൂ, പണിയെടുക്കൂ! നാളെ നേരം വെളുക്കുമ്പോഴേക്കും എൻെറ അച്ഛൻ ധരിച്ചിരുന്ന മാതിരിയുള്ള ഒരു കുപ്പായം തുന്നി എന്നെ ഏല്പിക്കണം!''

പിറേറന്നു രാവിലെ ഇവാൻ രാജകുമാരൻ ഉണർന്നപ്പോൾ തവള പതിവുപോലെ തറയിൽ ചാടിച്ചാടി നടക്കുന്നുണ്ടായിരുന്നു. മേശപ്പുറത്ത് ഒരു ലിനൻ തൂവാലയിൽ ഒരു കുപ്പായം ഇരിക്കുന്നു! ഇവാൻ രാജകുമാരന് സന്തോഷമായി. അവൻ കുപ്പായമെടുത്തുകൊണ്ട് പിതാവിൻെറയടുത്തേക്ക് തിരിച്ചു. അവൻ അവിടെയെത്തിയപ്പോൾ രാജാവ്, മററു രണ്ടു പുത്രന്മാരുടെ സമ്മാനം സ്വീകരിക്കുകയായിരുന്നു. മൂത്തമകൻ കൊണ്ടുചെന്ന കുപ്പായം നോക്കിയിട്ട് രാജാവു പറഞ്ഞു:

''എൻെറ ഭൃത്യന്മാരിലൊരുവന് ഇടാൻ കൊള്ളാം.''

രണ്ടാമത്തെ മകൻ കൊണ്ടുചെന്ന കുപ്പായം നോക്കിയിട്ട് അദ്ദേഹം പറഞ്ഞു:

''ഇതു വല്ല കുളിപ്പുരയിലും ഉപയോഗിക്കാനേ കൊള്ളൂ.''

ഇവാൻ രാജകുമാരൻ കുപ്പായം നിവർത്തിവച്ചു. സ്വർണ്ണനൂലും വെള്ളിനൂലും കൊണ്ട് ചിത്രവേലകൾ തുന്നിപ്പിടിപ്പിച്ചിട്ടുള്ള ആ കുപ്പായം ഒന്നു നോക്കിയിട്ട് രാജാവ് പറഞ്ഞു:

''ഇതു നല്ലൊരു കുപ്പായമാണ്! വിശേഷാവസരങ്ങളിൽ ഞാനിതു ധരിക്കും.''

മൂത്തസഹോദരന്മാർ ഇരുവരും വീട്ടിലേക്കു മടങ്ങുംവഴി സംസാരിച്ചു:

''ഇവാൻെറ ഭാര്യയെ നമ്മൾ പരിഹസിച്ചതു് വെറുതേയാണ്—അവൾ ഒരു തവളയല്ല, ഒരു മന്ത്രവാദിനിയാണ്.''

രാജാവ് വീണ്ടും പുത്രന്മാരെ വിളിച്ചു.

''നാളെ രാവിലെ നിങ്ങളുടെ ഭാര്യമാർ എനിക്ക് ഓരോ അപ്പം ചുട്ടുതരാൻ പറയണം,'' അദ്ദേഹം പറഞ്ഞു. ''ആരാണ് നല്ല പാചകക്കാരിയെന്ന് നോക്കട്ടെ.''

ഇവാൻ കൂടുതൽ ദുഃഖിതനായാണ് വീട്ടിലെത്തിയത്. തവള ചോദിച്ചു:

"നിങ്ങൾക്കു് എന്താണു് ഇത്ര സങ്കടം, രാജകുമാരാ?"

"നാളെ രാവിലെ നീ രാജാവിനു് ഒരപ്പം ചുട്ടുകൊടുക്കണം" ഭർത്താവു് പറഞ്ഞു.

"വ്യസനിക്കേണ്ട, രാജകുമാരാ. ഉറങ്ങിക്കോളൂ. രാത്രി എന്തെങ്കിലും ഒരു വഴിയുണ്ടാകും."

മററു രണ്ടു വധുക്കളും ആദ്യം തവളയെ കളിയാക്കിയെങ്കിലും ഇപ്പോൾ തവള അപ്പം ചുടുന്നതെങ്ങിനെയെന്നു നോക്കി, പഠിക്കാൻ ഒരു വൃദ്ധയെ നിയോഗിച്ചു.

തവള സൂത്രശാലിനിയായിരുന്നു. അവരുടെ ഉദ്ദേശം അതിനു മനസ്സിലായി. അതു് കുറെ മാവു കുഴച്ചു് അടുപ്പിലേക്കു് കമഴ്ത്തി. വൃദ്ധ മൂത്ത വധുക്കളുടെ അടുത്തു് ഓടിയെത്തി ഈ വിവരം പറഞ്ഞു. തവള ചെയ്തതുപോലെതന്നെ അവരും ചെയ്തു.

പിന്നീടു് തവള വാതിൽപ്പടിയിന്മേൽ ചാടിക്കയറി, ബുദ്ധിമതിയായ വസിലീസയായി മാറി. അവൾ കൈകൊട്ടിയിട്ടു് വിളിച്ചുപറഞ്ഞു:

"ദാസിമാരെ, തയ്യാറാകൂ, പണിയെടുക്കൂ! ഞാൻ വീട്ടിൽ വച്ചു് തിന്നാറുള്ള തരം ഒരപ്പം നാളെ രാവിലെ തയ്യാറായിരിക്കണം."

രാവിലെ ഇവാൻ രാജകുമാരൻ ഉണർന്നപ്പോൾ മേശപ്പുറത്തു് വളരെ മനോഹരമായി നിർമ്മിക്കപ്പെട്ട ഒരപ്പം ഇരിക്കുന്നതു കണ്ടു. അതിന്റെ വശങ്ങൾ വിചിത്രരൂപങ്ങളെക്കൊണ്ടും മുകൾഭാഗം മനോഹരങ്ങളായ നഗരങ്ങളുടെ ചിത്രങ്ങളെകൊണ്ടും സമാലംകൃതമായിരുന്നു.

ഇവാൻ രാജകുമാരൻ അതിയായി സന്തോഷിച്ചു. ഒരു ലിനൻ തുവാലയിൽ പൊതിഞ്ഞു് അപ്പം അവൻ അച്ഛന്റെയടുത്തു കൊണ്ടുചെന്നു. രാജാവു് ആ സമയത്തു് മൂത്ത രണ്ടു പുത്രന്മാരുടെ അപ്പങ്ങൾ സ്വീകരിക്കയായിരുന്നു. അവരുടെ ഭാര്യമാർ വൃദ്ധ പറഞ്ഞതനുസരിച്ചു് മാവുകുഴച്ചു് അടുപ്പിലിട്ടു. കരിഞ്ഞ കുറെ മാവാണു് അവർക്കു് അപ്പത്തിനു പകരം ലഭിച്ചതു്. മൂത്ത മകൻ



കൊണ്ടുചെന്ന അപ്പം ഒന്നു നോക്കിയിട്ട് രാജാവ് അത് ഭൃത്യന്മാരുടെ പാർപ്പിടത്തിലേക്കു കൊണ്ടുപോകാൻ കല്പിച്ചു. രണ്ടാമത്തെ മകൻ കൊണ്ടുചെന്ന അപ്പവും അദ്ദേഹം അങ്ങിനെതന്നെ ചെയ്തു. എന്നാൽ ഇവാൻ രാജകുമാരൻ കൊണ്ടുചെന്ന അപ്പം വാങ്ങിയിട്ടു രാജാവ് ഇങ്ങിനെ പറഞ്ഞു:

''ഇതാ, ഇത് ഒന്നാന്തരം ഒരപ്പമാണ്. വിശേഷദിവസങ്ങളിൽ മാത്രം തിന്നാനുള്ള വിശിഷ്ടമായ ഒരപ്പം.''

പിറേറദിവസം ഒരു വിരുന്നിന് ഭാര്യമാരേയുംകൂട്ടി വരാൻ അദ്ദേഹം പുത്രന്മാരോട് പറഞ്ഞു.

ഇവാൻ രാജകുമാരൻ വിഷാദഭരിതനായിട്ടാണ് വീണ്ടും വീട്ടിലെത്തിയത്. തവള ചാടി അടുത്തുചെന്ന് ചോദിച്ചു:

''ക്രൂ, ക്രൂ, ഇവാൻ രാജകുമാരന് എന്താണിത്ര സങ്കടം? അച്ഛൻ എന്തെങ്കിലും വഴക്കു പറഞ്ഞോ?''

''തവളെ, എൻെറ തവളെ, ഞാൻ എങ്ങിനെ സങ്കടപ്പെടാതിരിക്കും? നാളത്തെ സദ്യക്ക് നിന്നേക്കൂടെ കൊണ്ടുചെല്ലണമെന്നാണ് അച്ഛൻ കല്പിച്ചിരിക്കുന്നത്. പക്ഷെ നീ എങ്ങിനെയാണ് എൻെറ ഭാര്യയായി ആളുകളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്?''

''വിഷമിക്കേണ്ട, ഇവാൻ രാജകുമാരാ,'' തവള പറഞ്ഞു. ''നിങ്ങൾ ഒററയ്ക്കു വിരുന്നിനു പോകണം. ഞാൻ പിന്നീട് വന്നുകൊള്ളാം. ഭയങ്കര തട്ടലും മുട്ടലും കേൾക്കുകയാണെങ്കിൽ അങ്ങ് പേടിക്കേണ്ട. തവള പെട്ടിയിൽക്കയറി വരുന്ന ശബ്ദമാണെന്ന് ആരെങ്കിലും ചോദിച്ചാൽ പറയണം.''

പിറേറന്ന് ഇവാൻ ഒററയ്ക്ക് പോയി. കവിളിൽ ചായവും പൗഡറും പൂശി, വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ച് അണിഞ്ഞൊരുങ്ങിയ ഭാര്യമാരോടൊപ്പം അവൻെറ സഹോദരന്മാർ കുതിരവണ്ടികളിൽ വന്നിറങ്ങി. അവർ ഇവാൻ രാജകുമാരനെ പരിഹസിച്ചു:

''നീ എന്താ ഭാര്യയെ കൊണ്ടുവരാതിരുന്നത്? ഉറുമാലിൽ പൊതിഞ്ഞ് നിനക്കവളെ കൊണ്ടുവരാമായിരുന്നു. ആ സുന്ദരിയെ നിനക്ക് എവിടുന്നു കിട്ടി? നീ ചതുപ്പായ ചതുപ്പുമുഴുവൻ അവൾക്കു വേണ്ടി തിരഞ്ഞെന്നു തോന്നുന്നു.''

ഓക്കുതടികൊണ്ടുണ്ടാക്കി, ഭംഗിയുള്ള വിരിപ്പിട്ട മേശയ്ക്കു ചുററും രാജാവും പുത്രന്മാരും പുത്രവധുക്കളും അതിഥികളും ഇരുന്നു. പെട്ടെന്ന് തട്ടലും മുട്ടലുംകൊണ്ട് കൊട്ടാരം ആകെ കുലുങ്ങി. അതിഥികൾ പേടിച്ച് എഴുന്നേററു. അപ്പോൾ ഇവാൻ രാജകുമാരൻ പറഞ്ഞു:

''മാന്യരെ, ആരും പേടിക്കേണ്ട. ഇത് എൻെറ തവള അവളുടെ പെട്ടിയിൽക്കയറി വരുന്ന ശബ്ദമാണ്.''

ആറു വെള്ളക്കുതിരകളെ പൂട്ടിയ സ്വർണ്ണംപൂശിയ ഒരു രഥം കൊട്ടാരത്തിൻെറ കവാടത്തിൽ എത്തി. ബുദ്ധിമതിയായ വസിലീസ അതിൽനിന്നിറങ്ങി. ആകാശനീലിമയാർന്ന അവളുടെ കുപ്പായം നക്ഷത്രഖചിതമായിരുന്നു. അവളുടെ തലമുടിയിൽ ഇരുന്ന് ചന്ദ്രക്കല പ്രകാശിച്ചു. അവൾ പുലർകാലത്തെ ആകാശം പോലെ മനോഹരിയായിരുന്നു. അത്ര സുന്ദരിയായ മറെറാരുവൾ അന്നോളം ജനിച്ചിട്ടില്ല. അവൾ ഇവാൻ രാജകുമാരനെ കൈപിടിച്ച് ഭംഗിയുള്ള വിരിപ്പിട്ട ഓക്കുമേശയ്ക്കരികിലേക്ക് കൊണ്ടുപോയി.

അതിഥികൾ തീനും കുടിയും തുടങ്ങി. ബുദ്ധിമതിയായ വസിലീസ ഗ്ലാസിൽനിന്ന് വീഞ്ഞു കുടിച്ചിട്ട് മട്ട് കുപ്പായത്തിൻെറ ഇടത്തെ കയ്യുടെ ഉള്ളിലേയ്ക്കൊഴിച്ചു. പിന്നീട് അവൾ കുറച്ച് അരയന്നമാംസം ഭക്ഷിച്ചിട്ട് എല്ലുകൾ വലത്തെ കുപ്പായക്കയ്യിൽ ഇട്ടു.

മൂത്ത രാജകുമാരന്മാരുടെ ഭാര്യമാർ ഇതു കണ്ടു. അവരും അങ്ങിനെ ചെയ്തു.

തീററിയും കുടിയും കഴിഞ്ഞ് എല്ലാവരും നൃത്തത്തിനു തയ്യാറായി. ബുദ്ധിമതിയായ വസിലീസ ഇവാൻ രാജകുമാരനോടൊപ്പം നൃത്തം ചെയ്തു. അവളുടെ നൃത്തം കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു. അവൾ ഇടത്തു കൈ വീശി—അവിടെ ഒരു തടാകം ഉണ്ടായി.

അവൾ വലതുകൈ വീശി—ഉടൻതന്നെ വെളുത്ത അരയന്നങ്ങൾ തടാകത്തിൽ നീന്തിക്കളിച്ചുതുടങ്ങി. രാജാവും അതിഥികളും വിസ്മയസ്തബ്ധരായി.

പിന്നീട് മൂത്ത വധുക്കൾ രണ്ടുപേരും നൃത്തത്തിനിറങ്ങി. അവർ ഒരു കൈ വീശി, പക്ഷെ വീഞ്ഞ് അതിഥികളുടെ മേൽ തെറിക്കുകമാത്രമാണുണ്ടായത്. അവർ മറേറ കൈ വീശിയപ്പോൾ എല്ലുകഷണങ്ങൾ തെറിച്ചുവീണു. ഒരെല്ല് രാജാവിൻെറ കണ്ണിൽ ചെന്നുകൊണ്ടു. അദ്ദേഹം കോപിച്ച് അവരെ രണ്ടുപേരെയും അവിടെനിന്ന് ഓടിച്ചു.

ഇതിനിടയ്ക്ക് ഇവാൻ രാജകുമാരൻ ആരും കാണാതെ വീട്ടിലേക്കു പോയി. അവിടെ കണ്ട തവളത്തോലി അവൻ തീയിലിട്ടു കരിച്ചുകളഞ്ഞു.

ബുദ്ധിമതിയായ വസിലീസ മടങ്ങിയെത്തി തവളത്തോലി തിരഞ്ഞു. അവൾക്ക് അതു കണ്ടുകിട്ടിയില്ല. അവൾ ഒരു ബഞ്ചിലിരുന്ന് കണ്ണുനീർ തൂകിക്കൊണ്ട് ഇവാനോടു പറഞ്ഞു:

''ഹാ, ഇവാൻ രാജകുമാരാ! നിങ്ങളെന്താണീ ചെയ്തത്! മൂന്നു ദിവസം കൂടി ക്ഷമിച്ചിരുന്നെങ്കിൽ ഞാൻ എന്നെന്നേയ്ക്കും നിങ്ങളുടേതാകുമായിരുന്നു. പക്ഷെ ഇപ്പോൾ ഇതാ എനിക്ക് പിരിഞ്ഞുപോകേണ്ടിയിരിക്കുന്നു. ഒമ്പതാംകരയ്ക്കപ്പുറമുള്ള മുപ്പതാം രാജ്യത്ത് എന്നെ തിരയൂ. ചിരംജീവിയായ കൊഷ്ചേയുടെ നാടാണ് അത്...''

ഇങ്ങിനെ പറഞ്ഞിട്ട് വസിലീസ ഒരു കരിങ്കുയിലായി ജനലിലൂടെ പുറത്തേക്ക് പറന്നുപോയി. ഇവാൻ രാജകുമാരൻ വളരെനേരം ഇരുന്നു കരഞ്ഞു. പിന്നീട് എഴുന്നേററ് നാലുദിക്കുകളേയും തലകുനിച്ച് വന്ദിച്ചിട്ട് ഭാര്യയെ അന്വേഷിച്ച് മുമ്പോട്ടു നടന്നു. താൻ പോകുന്നത് എങ്ങോട്ടാണെന്ന് അവനുതന്നെ നിശ്ചയമില്ലായിരുന്നു. അവൻ എത്ര കാലം നടന്നുവെന്നോ എത്ര ദൂരം നടന്നുവെന്നോ പറയാൻ കഴിയുകയില്ല. എന്നാൽ അവൻെറ ബൂട്ടുകളുടെ അടിവശം മുഴുവൻ തേഞ്ഞുപോയെന്നും കുപ്പായ



ത്തിൽ കയ്മുട്ടുകളുടെ ഭാഗത്തെ നൂല്കമ്പും മുഴുവൻ പൊട്ടിപ്പോയെന്നും മഴനനഞ്ഞ് തൊപ്പി കീറിപ്പറിഞ്ഞെന്നും നമുക്ക് അറിയാം. ഒടുവിൽ ഒരു പടുവൃദ്ധനെ അവൻ കണ്ടുമുട്ടി. വൃദ്ധന് വലിപ്പം തീരെ കുറവായിരുന്നു.

''എങ്ങോട്ടാണ്?'' വൃദ്ധൻ ഇവാനോടു ചോദിച്ചു. ''എന്താണ് നിന്റെ ഉദ്ദേശം?''

ഇവാൻ രാജകുമാരൻ തനിക്ക് നേരിട്ട വിപത്തിനേപ്പററി വൃദ്ധനോടു പറഞ്ഞു.

''ഇവാൻ രാജകുമാരാ, അങ്ങെന്തിനാണ് ആ തവളത്തോലി കത്തിച്ചുകളഞ്ഞത്?'' കൊച്ചു വൃദ്ധൻ ചോദിച്ചു. ''അത് സൂക്ഷിച്ചു വയ്ക്കാനോ കളയാനോ അങ്ങേക്ക് അവകാശമെന്തായിരുന്നു? ബുദ്ധിമതിയായ വസിലീസ ബുദ്ധിശക്തിയിൽ അവളുടെ പിതാവിനെ അതിശയിച്ചു. അത് അദ്ദേഹത്തെ ശുണ്ഠിപിടിപ്പിച്ചു. അദ്ദേഹം മകളെ മൂന്നു വർഷക്കാലത്തേക്ക് ഒരു തവളയാക്കി മാററി. അല്ലെങ്കിൽ ഇനി അതേപ്പററി പറഞ്ഞിട്ടു കാര്യമില്ലല്ലോ. ഈ ഉണ്ടനൂൽ എടുത്തോളൂ. അത് ഉരുണ്ടുപോകുന്ന വഴിയെ നിർഭയം അങ്ങു സഞ്ചരിക്കൂ.''

ഇവാൻ രാജകുമാരൻ വൃദ്ധനോട് നന്ദി പറഞ്ഞിട്ട് ഉണ്ടനൂൽ ഉരുണ്ടുപോയ വഴിയെ നടന്നുതുടങ്ങി. അത് വളരെ ദൂരം ഉരുണ്ടുപോയി. ഇവാനും പിറകെ പോയി. വെളിപ്രദേശത്ത് ഒരു കരടി നിൽക്കുന്നത് അവൻ കണ്ടു. അവൻ ഉന്നംപിടിച്ച് അതിനെ കൊല്ലാൻ തയ്യാറായി. ഉടൻതന്നെ അത് മനുഷ്യശബ്ദത്തിൽ ഇങ്ങിനെ പറഞ്ഞു:

''ഇവാൻ രാജകുമാരാ, എന്നെ കൊല്ലരുതേ. എന്നെങ്കിലുമൊരിക്കൽ എന്നേക്കൊണ്ട് അങ്ങേക്ക് ഉപകാരമുണ്ടാകും.''

ഇവാൻ കരടിയെ ഉപദ്രവിക്കാതെ മുമ്പോട്ടു പോയി. പെട്ടെന്ന് മുകളിൽ ഒരു പൂവൻതാറാവു പറന്നുപോകുന്നത് അവൻ കണ്ടു. അതിനെ എയ്തു വീഴ്ത്താൻ ഉന്നം പിടിച്ചപ്പോൾ അതു മനുഷ്യശബ്ദത്തിൽ ഇങ്ങിനെ പറഞ്ഞു:

''ഇവാൻ രാജകുമാരാ, എന്നെ കൊല്ലരുതേ. എന്നെക്കൊണ്ട് എന്നെങ്കിലും അങ്ങേക്ക് ഉപകാരമുണ്ടാകും.''

അവൻ താറാവിനെ കൊല്ലാതെ മുമ്പോട്ടു പോയി. ഒരു മുയൽ ആ വഴി ഓടി. അതിനെ കൊല്ലാനായി ഇവാൻ വില്ലും അമ്പും കയ്യിലെടുത്തു. ഉടൻതന്നെ മുയൽ മനുഷ്യശബ്ദത്തിൽ ഇങ്ങിനെ പറഞ്ഞു:

''ഇവാൻ രാജകുമാരാ, എന്നെ കൊല്ലരുതേ. എന്നെങ്കിലും എന്നെക്കൊണ്ട് ഉപകാരമുണ്ടാകും.''

അവൻ മുയലിനെ കൊല്ലാതെ വീണ്ടും നടന്നു. അവൻ നടന്നു നടന്ന് നീലസമുദ്രത്തിന്റെ കരയിലെത്തി. അവിടെ മണലിൽ ഒരു പൈക്ക് മത്സ്യം കിടന്ന് പിടയ്ക്കുന്നുണ്ടായിരുന്നു.

''ഹാ, ഇവാൻ രാജകുമാരാ!'' പൈക്ക് പറഞ്ഞു. ''എന്നോട് കരുണ കാണിക്കണേ! എന്നെ നീലസമുദ്രത്തിലേക്ക് എടുത്തിടൂ!''

ഇവാൻ പൈക്കിനെ വെള്ളത്തിലേക്കിട്ടിട്ട് സമുദ്രതീരത്തുകൂടെ നടന്നു. ഒടുവിൽ ഉണ്ടനൂൽ ഒരു കാട്ടിലെത്തി. അവിടെ കോഴിക്കാലിന്മേൽ തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുടിൽ ഉണ്ടായിരുന്നു.

''കുഞ്ഞിക്കുടിലേ, കുഞ്ഞിക്കുടിലേ, നിന്റെ പുറകുവശം മരങ്ങളുടെനേരെ തിരിച്ചിട്ട് മുൻവശം എന്റെ നേരെ തിരിക്കൂ.''

കുടിൽ പുറകുവശം മരങ്ങളുടെനേരെ തിരിച്ചിട്ട് മുൻവശം ഇവാന്റെ നേർക്ക് തിരിച്ചു. ഇവാൻ രാജകുമാരൻ കുടിലിനുള്ളിലേയ്ക്കു കയറി. അവിടെ പുകക്കുഴലിന്റെ അടുത്ത് ബാബയഗാ എന്ന മന്ത്രവാദിനി ഇരുന്നിരുന്നു. അവളുടെ കയ്യിൽ ഒരു ചൂലും ഒരു ചുള്ളിക്കമ്പും ഉണ്ടായിരുന്നു. മരക്കുററിപോലത്തെ മൂക്കുള്ള ഒരു കിഴവിയായിരുന്നു അവൾ. ഇവാനെ കണ്ടയുടൻ ബാബയഗാ പറഞ്ഞു:

''ഹൗ, ഹൗ, റഷ്യൻ രക്തം, ഞാനിതുവരെ കണ്ടുമുട്ടിയിട്ടില്ലാത്തത്, ഇപ്പോൾ എന്റെ വാതുക്കൽ എനിക്ക് അതിന്റെ മണം

വരുന്നു. ആരാണു് വന്നിരിക്കുന്നതു്? എവിടുന്നാണു്? എങ്ങോട്ടാണു്?"

"മര്യാദകെട്ട കിഴവി," ഇവാൻ തിരിച്ചടിച്ചു. "നീ എനിക്കു് തിന്നാനും കുടിക്കാനും തന്നു് കുളിമുറിയിൽ കയററി ആവിയിൽ കുളിപ്പിച്ചുകഴിഞ്ഞിട്ടുവേണം ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കാൻ."

ബാബയഗാ അവനെ ആവിയിൽ കുളിപ്പിച്ചു് അവനു് മാംസവും പാനീയങ്ങളും കൊടുത്തു് വിശ്രമിക്കാൻ കിടക്കയിൽ കിടത്തി. താൻ തൻെറ ഭാര്യയെ, ബുദ്ധിമതിയായ വസിലീസയെ, അന്വേഷിച്ചു നടക്കുകയാണെന്നു് ഇവാൻ ബാബയഗായോടു പറഞ്ഞു.

"നിൻെറ ഭാര്യ ഇപ്പോൾ ചിരംജീവിയായ കൊഷ്ചേയുടെ അധീനത്തിലാണു്," ബാബയഗാ പറഞ്ഞു. "അവളെ തിരിച്ചുകൊണ്ടുവരാൻ വളരെ പ്രയാസമാണു്. കൊഷ്ചേയ് നിന്നേക്കാൾ ശക്തനായ എതിരാളിയാണു്. കൊഷ്ചേയുടെ ജീവൻ കുടികൊള്ളുന്നതു് ഒരു സൂചിയുടെ അററത്താണു്. ആ സൂചി ഒരു മുട്ടയുടെ ഉള്ളിലും മുട്ട ഒരു പിടത്താറാവിൻെറ ഉള്ളിലും താറാവു് ഒരു മുയലിൻെറ ഉള്ളിലും മുയൽ കല്ലുകൊണ്ടുണ്ടാക്കിയ ഒരു പേടകത്തിലും പേടകം ഒരു പൊക്കമുള്ള ഓക്കുമരത്തിൻെറ മുകളിലുമാണു് സ്ഥിതിചെയ്യുന്നതു്. ചിരംജീവിയായ കൊഷ്ചേയ് ആ മരം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുന്നു."

ഇവാൻ രാജകുമാരൻ അന്നു രാത്രി ബാബയഗായുടെ വീട്ടിൽ താമസിച്ചു. പിറേറന്നു രാവിലെ ബാബയഗാ അവനു് പൊക്കമുള്ള ഓക്കുമരത്തിനടുത്തെത്താനുള്ള വഴി പറഞ്ഞുകൊടുത്തു. അവൻ എത്ര ദൂരം നടന്നെന്നു് നമുക്കറിയില്ല. ഒടുവിൽ അവൻ ആ പൊക്കമുള്ള ഓക്കു മരത്തിൻെറ ചുവട്ടിലെത്തി. അതിൻെറ മുകളിൽ പേടകം ഇരുന്നിരുന്നു. പക്ഷെ അതെടുക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല.



മുമ്പു കണ്ട കരടി പെട്ടെന്നു് അവിടെയെത്തി ആ മരം വേരോടെ പിഴുതു താഴെയിട്ടു. പേടകം താഴെ വീണു് താനേ തുറന്നു. പേടകത്തിനുള്ളിൽനിന്നു് ഒരു മുയൽ ചാടിയിറങ്ങി അതിവേഗം ഓടിത്തുടങ്ങി. എന്നാൽ ആദ്യം ഇവാൻ കണ്ട മുയൽ ഒരു നിമിഷത്തിനകം അതിൻെറ പിന്നാലെ ഓടി അതിനെ പിടിച്ചു് പിച്ചിച്ചീന്തി. അതിൻെറ വയററിൽനിന്നും ഒരു പിടത്താറാവു് പുറത്തുകടന്നു് ആകാശത്തിൽ പറന്നുയർന്നു. പൂവൻതാറാവു് മിന്നൽവേഗത്തിൽ അതിൻെറ അടുത്തു പറന്നെത്തി അതിനെ ശക്തിയായി അടിച്ചു. ഉടൻതന്നെ പിടത്താറാവു് മുട്ടയിട്ടു. ആ മുട്ട ചെന്നു വീണതു് നീല സമുദ്രത്തിലായിരുന്നു.

അതു കണ്ടു് ഇവാൻ രാജകുമാരൻ അതിയായി ദുഃഖിച്ചു. കടലിൽനിന്നും മുട്ട എങ്ങിനെ കണ്ടുപിടിക്കാനാണു്? എന്നാൽ പെട്ടെന്നു് പൈക്കു് മത്സ്യം മുട്ടയും കടിച്ചുപിടിച്ചുകൊണ്ടു് പൊങ്ങിവന്നു. ഇവാൻ മുട്ടപൊട്ടിച്ചു് സൂചി പുറത്തെടുത്തു. അവൻ അതു് ഒടിക്കാൻ ശ്രമിച്ചുതുടങ്ങി. അതു വളയുന്നതിനനുസരിച്ചു് ചിരംജീവിയായ കൊഷ്ചേയ് ഞെളിയുകയും പുളയുകയും അലറുകയും ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ ഇവാൻ രാജകുമാരൻ സൂചിയുടെ മുന ഒടിച്ചു താഴെയിട്ടു. കൊഷ്ചേയ് മരിച്ചു നിലംപതിച്ചു.

ഇവാൻ കൊഷ്ചേയുടെ വെള്ളക്കൽകൊട്ടാരത്തിലേക്കു് പോയി. ബുദ്ധിമതിയായ വസിലീസ ഓടിവന്നു് അവൻെറ തേൻചുണ്ടുകളിൽ ചുംബിച്ചു. ഇവാൻ രാജകുമാരനും ബുദ്ധിമതിയായ വസിലീസയും അവരുടെ വീട്ടിൽ തിരിച്ചെത്തി വാർദ്ധക്യം വരെ സുഖമായി താമസിച്ചു.

# ചെമ്പൻ കുതിര



പണ്ടൊരിക്കൽ ഒരിടത്തു് ഒരു വൃദ്ധനും മൂന്നു് ആൺമക്കളും പാർത്തിരുന്നു. മൂത്ത പുത്രന്മാർ രണ്ടുപേരും യോഗ്യന്മാരും നല്ല വസ്ത്രം ധരിക്കാൻ ഇഷ്ടമുള്ളവരും പിടിപ്പുള്ള കൃഷിക്കാരുമായിരുന്നു. എന്നാൽ ഇളയ പുത്രനായ മണ്ടൻ ഇവാൻ ഇങ്ങിനെയൊന്നും ആയിരുന്നില്ല. അടുപ്പിൻതിണ്ണയിൽ ചടഞ്ഞിരുന്നാണു് അവൻ അധികസമയവും കഴിച്ചതു്. അവൻ പുറത്തിറങ്ങുന്നതു് കാട്ടിൽപ്പോയി കൂൺ ശേഖരിക്കാൻ മാത്രമായിരുന്നു.

വൃദ്ധൻ മരിക്കാറായപ്പോൾ മൂന്നു പുത്രന്മാരേയും അടുത്തു വിളിച്ചു് ഇങ്ങിനെ പറഞ്ഞു:

''ഞാൻ മരിച്ചുകഴിഞ്ഞാൽ മൂന്ന് ദിവസത്തേക്കു് എന്നും രാത്രി നിങ്ങൾ എന്റെ കുഴിമാടം സന്ദർശിച്ചു് എനിക്കു് തിന്നാൻ കുറെ റൊട്ടി കൊണ്ടുവന്നു തരണം.''

വൃദ്ധൻ മരിച്ചു. അയാളുടെ ശവസംസ്കാരം കഴിഞ്ഞു. അന്നു രാത്രി കുഴിമാടത്തിൽ പോകേണ്ട ഊഴം ഏററവും മൂത്ത സഹോദരന്റേതായിരുന്നു. എന്നാൽ അലസതകൊണ്ടോ അതോ പേടി കൊണ്ടോയെന്നു് തീർച്ചയില്ല, അയാൾ പോകാൻ മടിച്ചു. അയാൾ മണ്ടൻ ഇവാനെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു:

''ഇവാൻ, എനിക്കുപകരം നീ ഇന്നു് അച്ഛന്റെ കുഴിമാടത്തിൽ പോകാമെങ്കിൽ ഞാൻ നിനക്കു് ഒരു കേക്കു് വാങ്ങിത്തരാം,''


ഇവാൻ ഉടൻ അതു സമ്മതിച്ചു. അവൻ കുറച്ചു റൊട്ടിയും കൊണ്ടു് അച്ഛന്റെ കുഴിമാടത്തിനടുത്തെത്തി. എന്താണു സംഭവിക്കുന്നതെന്നു് അറിയാൻ അവൻ കുഴിമാടത്തിനടുത്തു് കാത്തിരുന്നു. കൃത്യം പാതിരായായപ്പോൾ കുഴിമാടത്തിലെ മണ്ണു് ഇരുവശത്തേക്കും മാറി. വൃദ്ധൻ എഴുന്നേററുവന്നു് ചോദിച്ചു:

''ആരാണതു്? എന്റെ മൂത്തമകനാണോ? റഷ്യ എങ്ങിനെയുണ്ടു്? അവിടെ പട്ടികൾ കുരയ്ക്കുകയോ, ചെന്നായ്ക്കൾ ഓരിയിടുകയോ, കുട്ടികൾ കരയുകയോ ചെയ്യുന്നുണ്ടോ?''

ഇവാൻ മറുപടി പറഞ്ഞു:







''ഇതു് അങ്ങയുടെ മകനാണ്. റഷ്യയിൽ എല്ലാം ശാന്തമാണ്.''

അച്ഛൻ, ഇവാൻ കൊണ്ടുചെന്ന റൊട്ടി വയറുനിറയെ തിന്നിട്ട് കുഴിമാടത്തിനുള്ളിൽ കയറി കിടന്നു. വഴിക്കു് കുറെ കൂൺ ശേഖരിച്ചിട്ട് ഇവാൻ വീട്ടിലെത്തി.

ഏററവും മൂത്ത സഹോദരൻ അവനോടു ചോദിച്ചു:

''നീ നമ്മുടെ അച്ഛനെ കണ്ടോ?''

''കണ്ടു,'' ഇവാൻ പറഞ്ഞു.

''നീ കൊണ്ടുപോയ റൊട്ടി അച്ഛൻ തിന്നോ?''

''വയറുനിറയുന്നതുവരെ തിന്നു.''

പിറേറദിവസം രണ്ടാമത്തെ സഹോദരൻെറ ഊഴമായിരുന്നു. അലസതകൊണ്ടോ പേടികൊണ്ടോ, അയാളും പോകാൻ മടിച്ചു. അയാൾ ഇവാനെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു:

''എനിക്കു പകരം നീ ഇന്നു രാത്രി അച്ഛൻെറ കുഴിമാടത്തിൽ പോകാമെങ്കിൽ നിനക്കു് ഞാൻ ഒരു ജോടി ചെരിപ്പുണ്ടാക്കിത്തരാം.''

''ശരി,'' ഇവാൻ പറഞ്ഞു. ''ഞാൻ പോകാം.''

അവൻ കുറെ റൊട്ടിയുംകൊണ്ടു് അച്ഛൻെറ കുഴിമാടത്തിനരികിൽ കാത്തിരുന്നു. കൃത്യം പാതിരായായപ്പോൾ കുഴിമാടത്തിൽ നിന്നും മണ്ണു് ഇരുവശത്തേക്കും മാറി. വൃദ്ധൻ എണീററു് പുറത്തുവന്നു് ചോദിച്ചു:

''ആരാണതു്? എൻെറ രണ്ടാമത്തെ മകനാണോ? റഷ്യ എങ്ങിനെയുണ്ടു്? പട്ടികൾ കുരയ്ക്കുകയോ, ചെന്നായ്ക്കൾ ഓരിയിടുകയോ, കുട്ടികൾ കരയുകയോ ചെയ്യുന്നുണ്ടോ?''

''ഇതു് അങ്ങയുടെ മകനാണ്, അച്ഛാ. റഷ്യയിൽ എല്ലാം ശാന്തമാണ്.''

ഇവാൻ കൊണ്ടുചെന്ന റൊട്ടി വയർനിറയെ തിന്നിട്ട് വൃദ്ധൻ കുഴിമാടത്തിൽ കയറിക്കിടന്നു. വഴിക്കു് കുറെ കൂണും പറിച്ചുകൊണ്ടു് ഇവാൻ വീട്ടിലെത്തി.

''അച്ഛൻ റൊട്ടി തിന്നോ?'' രണ്ടാമത്തെ സഹോദരൻ ചോദിച്ചു.

''വയറുനിറച്ചു് തിന്നു,'' ഇവാൻ മറുപടി പറഞ്ഞു.

മൂന്നാംദിവസം രാത്രി കുഴിമാടത്തിൽ പോകേണ്ടതു് ഇവാനായിരുന്നു. അവൻ സഹോദരന്മാരോടു് പറഞ്ഞു:

''രണ്ടു ദിവസം ഞാൻ അച്ഛൻെറ കുഴിമാടത്തിൽ പോയി. ഇനി നിങ്ങളാരെങ്കിലും പോകണം. ഞാൻ വീട്ടിലിരുന്നു് വിശ്രമിക്കട്ടെ.''

''ഹേ, അതു പററില്ല,'' സഹോദരന്മാർ പറഞ്ഞു. ''നിനക്കു് പോയി പരിചയമുണ്ടല്ലോ, അതുകൊണ്ടു് നീതന്നെ പോകണം.''

''ശരി, എന്നാൽ ഞാൻ പോകാം,'' ഇവാൻ സമ്മതിച്ചു.

അവൻ റൊട്ടിയുംകൊണ്ടു് കുഴിമാടത്തിലെത്തി. കൃത്യം പാതിരായായപ്പോൾ കുഴിമാടത്തിലെ മണ്ണു് ഇരുവശത്തേയ്ക്കും മാറി. വൃദ്ധൻ എണീററു പുറത്തുവന്നു് ചോദിച്ചു:

''ആരാണതു്? എൻെറ ഇളയ മകനാണോ? റഷ്യ എങ്ങിനെയുണ്ടു്? പട്ടികൾ കുരയ്ക്കുകയോ ചെന്നായ്ക്കൾ ഓരിയിടുകയോ കുട്ടികൾ കരയുകയോ ചെയ്യുന്നുണ്ടോ?''

''അച്ഛാ, ഇതു ഞാനാണു്, അങ്ങയുടെ പുത്രനായ ഇവാൻ. റഷ്യയിൽ എല്ലാം ശാന്തമാണ്.''

ഇവാൻ കൊണ്ടുചെന്ന റൊട്ടി മതിയാവോളം ഭക്ഷിച്ചിട്ട് അച്ഛൻ പറഞ്ഞു:

''ഇവാൻ, എൻെറ ആജ്ഞ അനുസരിച്ചതു് നീ മാത്രമാണ്. മൂന്നു രാത്രി എൻെറ കുഴിമാടത്തിൽ വരാൻ നിനക്കു് പേടിയില്ലായിരുന്നു. ഇപ്പോൾ നീ വെളിപ്രദേശത്തു പോയി ഇങ്ങനെ വിളിച്ചുപറയണം: 'ചെമ്പൻ കുതിരേ, നീ കേട്ടാലും, വന്നാലും! അല്ലെങ്കിൽ ആപത്തു വന്നുഭവിച്ചിടും!' കുതിര അടുത്തെത്തിയാൽ നീ അതിൻെറ വലത്തെ ചെവിയിൽ കയറി ഇടത്തെ ചെവിയിലൂടെ പുറത്തിറങ്ങണം. അപ്പോൾ നീ മററാരേക്കാളും സുന്ദരനായ ഒരു യുവാവായിത്തീരും. എന്നിട്ടു് കുതിരപ്പുറത്തു കയറി ഇഷ്ടമുള്ളിടത്തു് പോകാം.''

ഇവാൻ, അച്ഛൻ കൊടുത്ത കടിഞ്ഞാൺ വാങ്ങി അച്ഛനോടു് കൃതജ്ഞത പ്രകടിപ്പിച്ചിട്ടു് വീട്ടിലേക്കു പോയി . വഴിയിൽ

നിന്ന് പതിവുപോലെ കൂൺ ശേഖരിച്ചുകൊണ്ടാണ് അവൻ വീട്ടിലെത്തിയത്. സഹോദരന്മാർ അവനോടു ചോദിച്ചു:

‘‘നീ അച്ഛനെ കണ്ടോ?’’

‘‘കണ്ടു,’’ ഇവാൻ മറുപടി പറഞ്ഞു.

‘‘നീ കൊണ്ടുചെന്ന റൊട്ടി അച്ഛൻ തിന്നോ?’’

‘‘വയറുനിറച്ചു തിന്നു. ഇനി കുഴിമാടത്തിൽ ചെല്ലേണ്ടെന്ന് അദ്ദേഹം എന്നോട് പ്രത്യേകം പറഞ്ഞു.’’

ഇക്കാലത്താണ് രാജാവ് അവിവാഹിതരും സുന്ദരന്മാരുമായ യുവാക്കൾ എല്ലാവരും കൊട്ടാരത്തിലെത്തണമെന്നു വിളംബരം ചെയ്തത്. രാജാവിന്റെ മകളായ സുന്ദരി എന്ന രാജകുമാരിക്കുവേണ്ടി ഓക്കുമരത്തടികൊണ്ട് പന്ത്രണ്ടു തൂണുകളും പന്ത്രണ്ടു നിലകളുമുള്ള ഒരു മാളിക പണിയിക്കപ്പെട്ടു. രാജകുമാരി ഏററവും മുകളിലത്തെ നിലയിലുള്ള തന്റെ മുറിയുടെ ജനാലയ്ക്കരികിലിരിക്കുമ്പോൾ കുതിരപ്പുറത്ത് അത്രയും പൊക്കത്തിൽ ചാടി അവളുടെ ചുണ്ടിൽ ചുംബിക്കുന്നവൻ ഉന്നതകുലജാതനോ നീചനോ ആരുതന്നെ ആയാലും അയാൾക്ക് രാജകുമാരിയെ വിവാഹം ചെയ്തുകൊടുക്കുമെന്നായിരുന്നു രാജാവിന്റെ നിശ്ചയം. കൂടാതെ രാജ്യത്തിൽ പകുതിയും അയാൾക്ക് നൽകപ്പെടും. ഈ വാർത്ത ഇവാന്റെ സഹോദരന്മാരുടെ ചെവിയിലെത്തി. മററുള്ളവരോടൊപ്പം തങ്ങളുടെ ഭാഗ്യം പരീക്ഷിക്കാൻ അവർ തീരുമാനിച്ചു.

അവർ ഏററവും നല്ല രണ്ടു കുതിരകൾക്ക് ഓട്സ് തിന്നാൻ കൊടുത്ത് ലായത്തിൽനിന്ന് പുറത്തിറക്കി. ഏററവും നല്ല വസ്ത്രങ്ങൾ ധരിച്ചു. ചുരുണ്ട മുടി ചീകിമിനുക്കി. അടുപ്പിൻതിണ്ണയിൽ പുകക്കുഴലിന്റെ പിന്നിൽ ഇരുന്നുകൊണ്ട് ഇവാൻ ജ്യേഷ്ഠന്മാരോട് പറഞ്ഞു:

‘‘എന്നേക്കൂടെ കൊണ്ടുപോകൂ. ഞാൻ ഭാഗ്യം പരീക്ഷിക്കട്ടെ.’’

‘‘അടുപ്പിൻതിണ്ണയിൽ പതുങ്ങിയിരിക്കുന്ന കൊള്ളരുതാത്തവനെ!’’ അവർ പരിഹസിച്ചു. ‘‘നീ ഞങ്ങളുടെകൂടെ വന്നാൽ നിന്നെ ആളുകൾ പരിഹസിക്കയേയുള്ളു. കാട്ടിൽപ്പോയി കൂണന്വേഷിക്കുന്നതാണ് നിനക്കു നല്ലത്.’’



മൂത്ത സഹോദരന്മാർ രണ്ടുപേരും ഒന്നാന്തരം കുതിരകളുടെ പുറത്തു കയറി, തൊപ്പി ശരിപ്പെടുത്തിവച്ച്, ചൂളംവിളിച്ചുകൊണ്ട് പാഞ്ഞുപോയി. കുതിരകൾ വഴിയിൽ പൊടിപടലമുയർത്തിക്കൊണ്ട് മറഞ്ഞു. ഇവാൻ കടിഞ്ഞാൺ കയ്യിലെടുത്തുകൊണ്ട് വെളിപ്രദേശത്തു ചെന്ന് അച്ഛൻ പറഞ്ഞതുപോലെ വിളിച്ചുപറഞ്ഞു:

''ചെമ്പൻ കുതിരേ, കേട്ടാലും, വന്നാലും.!
അല്ലെങ്കിലാപത്തു വന്നു ഭവിച്ചിടും.''

അത്ഭുതം! ഉഗ്രനൊരു കുതിര അവന്റെ അടുത്തേക്ക് പാഞ്ഞുവന്നു. അതിന്റെ കുളമ്പടിയേറ്റ് ഭൂമി കിടിലംകൊണ്ടു. അതിന്റെ മൂക്കിൽനിന്ന് തീപ്പൊരി ചിതറി, ചെവികളിൽനിന്ന് മേഘംപോലെ പുക വമിച്ചു. കുതിര ഇവാന്റെ അടുത്തെത്തി അനങ്ങാതെ നിന്നുകൊണ്ട് ചോദിച്ചു:

''ഇവാൻ, എന്താണ് വേണ്ടത്?''

ഇവാൻ കുതിരയുടെ കഴുത്തിൽ തലോടി. അതിന് കടിഞ്ഞാണിട്ടിട്ട് അവൻ അതിന്റെ വലത്തെ ചെവിയിലൂടെ കയറി ഇടത്തെ ചെവിയിലൂടെ ഇറങ്ങി. അത്ഭുതം! അവൻ പുലർകാലത്തെ ആകാശംപോലെ ഭംഗിയുള്ള ഒരു യുവാവായിത്തീർന്നു. അത്ര സൗന്ദര്യമുള്ള ഒരു യുവാവ് അതിനുമുമ്പ് ജനിച്ചിട്ടില്ല. അവൻ ചെമ്പൻ കുതിരയുടെ പുറത്തു കയറി കൊട്ടാരത്തിലേക്ക് പുറപ്പെട്ടു. ചെമ്പൻ കുതിര ഒരാഴ്ചയും ഒരു ദിവസവും സഞ്ചരിച്ചു. വാൽ വീശിക്കൊണ്ട് അത് പർവ്വതങ്ങളും താഴ്‌വരകളും കടന്നു. വായുവേഗത്തിൽ നാടുകളും കാടുകളും പിന്നിട്ടു.

ഇവാൻ കൊട്ടാരത്തിലെത്തിയപ്പോൾ കൊട്ടാരത്തിന്റെ മുററം നിറയെ ആളായിരുന്നു. പന്ത്രണ്ടു തൂണുകളും പന്ത്രണ്ടു നിലകളുമുള്ള മാളികയുടെ ഏററവും മുകളിലുള്ള സ്വകാര്യമുറിയുടെ ജനാലയ്ക്കടുത്ത് സുന്ദരി രാജകുമാരി ഇരുന്നിരുന്നു.

രാജാവ് പൂമുഖത്തു വന്നു നിന്നുകൊണ്ട് പറഞ്ഞു:

''കുതിരപ്പുറത്തു മുകളിലേക്കു ചാടി അക്കാണുന്ന ജനാലയ്ക്കു പിന്നിലിരിക്കുന്ന എന്റെ മകളുടെ ചുണ്ടിൽ ചുംബിക്കുന്ന യുവാവിന് ഞാൻ അവളെ കല്യാണംകഴിച്ചുകൊടുക്കും. പകുതി രാജ്യവും കൊടുക്കും.''

സുന്ദരി രാജകുമാരിയെ കാംക്ഷിച്ചെത്തിയ യുവാക്കൾ ഓരോരുത്തരായി ചാടിനോക്കി, പക്ഷെ ജനാലയ്ക്കടുത്തെത്താൻ ആർക്കും കഴിഞ്ഞില്ല. ഇവാന്റെ ജ്യേഷ്ഠന്മാരും മററുള്ളവരെപ്പോലെ ചാടിനോക്കി, പക്ഷെ ഫലമുണ്ടായില്ല.

ഇവാന്റെ ഊഴം വന്നു. അവൻ ഒരു പോർവിളിയോടെ ചെമ്പൻകുതിരയെ ചാടിച്ചു. അതു കുതിച്ചുചാടി. ഏററവും മുകളിൽനിന്നും രണ്ടു നിലകൾ താഴെവരെ എത്തി. ഇവാൻ രണ്ടാമതും കുതിരയെ ചാടിച്ചു. ഏററവും മുകളിലത്തെ നിലയുടെ തൊട്ടുതാഴെവരെ കുതിര പൊങ്ങി. അവസാനത്തെ തവണ ചാടുന്നതിനുമുമ്പ് ഇവാൻ കുതിരയെ അതിന്റെ വായിൽനിന്ന് നുരയും പതയും വരുന്നതുവരെ വട്ടംകറക്കി. ഒടുവിൽ കുതിര ഒരു തീപ്പന്തംപോലെ മുകളിലേക്കു കുതിച്ചു. ഇവാൻ, രാജകുമാരിയുടെ തേൻചുണ്ടുകളിൽ ചുംബിച്ചു. തന്റെ മുദ്രാമോതിരംകൊണ്ട് രാജകുമാരി ഇവാന്റെ നെററിയിൽ മുദ്രകുത്തി. ജനങ്ങൾ ആർത്തുവിളിച്ചു: ''തടഞ്ഞുനിർത്ത്! പിടിച്ചുനിർത്ത്!'' പക്ഷെ ഇവാനും കുതിരയും പൊടിപടലമുയർത്തികൊണ്ട് അപ്രത്യക്ഷരായി,

വെളിപ്രദേശത്തെത്തിയപ്പോൾ ഇവാൻ കുതിരയെ നിർത്തി, അതിന്റെ ഇടത്തെ ചെവിയിലൂടെ കയറി വലത്തെ ചെവിയിലൂടെ പുറത്തിറങ്ങി. അവൻ പഴയപടിയായി. അവൻ കുതിരയെ പാട്ടിനുവിട്ടിട്ട് വീട്ടിലേയ്ക്കു പോയി. വഴിക്ക് കൂൺ പറിക്കാൻ അവൻ മറന്നില്ല. അവൻ വീട്ടിലെത്തി ഒരു തുണിക്കഷണമെടുത്ത് നെററിയിൽ കെട്ടിവച്ചിട്ട് അടുപ്പിൻതിണ്ണയിൽ കയറി പഴയതുപോലെ കിടന്നു. കുറേക്കഴിഞ്ഞ് ജ്യേഷ്ഠന്മാർ തിരിച്ചെത്തി. തങ്ങൾ കണ്ടതും കേട്ടതും ഒക്കെ അവർ ഇവാനോടു വിവരിച്ചു.

''രാജകുമാരിയുടെ ആരാധകർ അനവധിപേരുണ്ടായിരുന്നു, അവർ സുമുഖന്മാരുമായിരുന്നു,'' അവർ പറഞ്ഞു. ''എന്നാൽ എല്ലാവരേയും അതിശയിക്കുന്ന ഒരാൾ അ കൂട്ടത്തിലുണ്ടായിരുന്നു. ജ്വലിക്കുന്ന തന്റെ കുതിരപ്പുറത്ത് അയാൾ ചാടി രാജകുമാരിയെ ചുംബിച്ചു. അയാൾ വരുന്നത് എല്ലാവരും കണ്ടു. പക്ഷെ തിരിച്ചുപോകുന്നത് ആരും കണ്ടില്ല.''

പുകക്കുഴലിന്റെ പിന്നിൽനിന്ന് ഇവാൻ പറഞ്ഞു:

‘‘ഒരുപക്ഷെ നിങ്ങൾ കണ്ടതു് എന്നെയായിരിക്കും.’’

ജ്യേഷ്ഠന്മാർ രോഷാകുലരായി പറഞ്ഞു:

‘‘മണ്ടാ! നീ ഇങ്ങിനെ വിഡ്ഢിത്തം പുലമ്പാതെ അടുപ്പിൻ തിണ്ണയിൽ കൂണും തിന്നുകൊണ്ടു് അടങ്ങിയിരിക്കു്.’’

രാജകുമാരിയുടെ മോതിരം പതിപ്പിച്ച മുദ്ര മറയ്ക്കാനായി കെട്ടിയിരുന്ന തുണി ഇവാൻ അഴിച്ചുമാററി. പെട്ടെന്നു് അതിൻെറ തിളക്കം വീട്ടിലാകെ പ്രകാശംപരത്തി. ജ്യേഷ്ഠന്മാർ പേടിച്ചു് വിളിച്ചുപറഞ്ഞു:

‘‘മണ്ടാ, നീ എന്താണു ചെയ്യുന്നതു്? നീ ഈ വീടിനു് തീ പിടിപ്പിക്കും!’’

പിറേറ ദിവസം രാജാവു് ഒരു വിരുന്നുസൽക്കാരത്തിനു് പ്രജകളെ എല്ലാവരേയും ക്ഷണിച്ചു. അടിയാന്മാരേയും പ്രഭുക്കന്മാരേയും സാധാരണക്കാരേയും ധനവാന്മാരേയും ദരിദ്രരേയും യുവാക്കളേയും വൃദ്ധന്മാരേയും എന്നുവേണ്ട രാജ്യത്തുള്ള സകലരേയും അദ്ദേഹം വിരുന്നിനു ക്ഷണിച്ചിരുന്നു.

ഇവാൻെറ സഹോദരന്മാരും സദ്യയ്ക്കു പോകാൻ വട്ടംകൂട്ടി.

‘‘എന്നെക്കൂടെ കൊണ്ടുപോകൂ, ജ്യേഷ്ഠന്മാരേ,’’ ഇവാൻ കെഞ്ചി.

‘‘നിന്നെയോ?’’ അവർ ചിരിച്ചു. ‘‘കാണുന്നവരെല്ലാം നിന്നെ പരിഹസിക്കും. കൂണും തിന്നുകൊണ്ടു് നീ ഈ അടുപ്പിൻ തിണ്ണയിൽ ഇരുന്നോ.’’

ജ്യേഷ്ഠന്മാർ കുതിരപ്പുറത്തു കയറി ഓടിച്ചുപോയി. ഇവാൻ കാൽനടയായി പുറപ്പെട്ടു. അവൻ കൊട്ടാരത്തിലെത്തി ഒരു ഒഴിഞ്ഞ മൂലയിൽ ഇരുന്നു. സുന്ദരിരാജകുമാരി അതിഥികളെ എല്ലാവരേയും കാണാൻ ചുററിനടന്നു. അവൾ കയ്യിൽ പിടിച്ചിരുന്ന കപ്പിൽനിന്നും ഓരോരുത്തരേയും കുറേശ്ശെ മധുരപാനീയം കുടിപ്പിച്ചു. അവൾ തൻെറ മുദ്രയുണ്ടോയെന്നറിയാൻ ഓരോരുത്തരുടേയും നെററിയിൽ സൂക്ഷിച്ചുനോക്കി.

അവൾ ഇവാനെ ഒഴിച്ചു് മററെല്ലാവരേയും പരിശോധിച്ചു കഴിഞ്ഞു. അവനെ സമീപിച്ചപ്പോൾ അവളുടെ മനസ്സിടിഞ്ഞു.





അവൻെറ ദേഹം മുഴവൻ കരിപുരണ്ടിരുന്നു. മുള്ളൻപന്നിയുടെ മുള്ളുപോലുള്ള തലമുടിയായിരുന്നു അവൻേറതു്.

സുന്ദരി രാജകുമാരി ചോദിച്ചു:

''നീ ആരാണു്? എവിടുന്നു വരുന്നു? ആ പഴന്തുണി നീ നെററിയിൽ കെട്ടിവച്ചിരിക്കുന്നതെന്തിനാണു്?''

''ഉരുണ്ടുവീണു് എൻെറ നെററി അല്പം മുറിഞ്ഞു,'' ഇവാൻ പറഞ്ഞു.

രാജകുമാരി തുണി അഴിച്ചുമാററി. ഉജ്ജ്വലമായ ഒരു പ്രകാശം കൊട്ടാരത്തിലാകെ പരന്നു.

''ഇതു് എൻെറ മുദ്രയാണു്!'' അവരം വിളിച്ചുപറഞ്ഞു. ''ഇതാണു് എൻെറ വരൻ!''

രാജാവു് ഇവാൻെറ അടുത്തെത്തി അവനെ ഒന്നു നോക്കിയിട്ടു പറഞ്ഞു:

''അല്ല, രാജകുമാരി! നിൻെറ വരൻ ഇവനായിരിക്കയില്ല! ഇവൻ ആകെ കരിപുരണ്ട ഒരു വെറും സാധാരണക്കാരനാണു്.''

ഇവാൻ രാജാവിനോടു പറഞ്ഞു:

''മുഖം കഴുകിയിട്ടുവരാൻ എന്നെ അനുവദിക്കു.''

രാജാവു് അതിനു് അനുവാദം കൊടുത്തു. ഇവാൻ മുററത്തിറങ്ങി അച്ഛൻ പഠിപ്പിച്ചിട്ടുള്ള വാക്കുകരം വിളിച്ചുപറഞ്ഞു:

''ചെമ്പൻ കുതിരേ, കേട്ടാലും, വന്നാലും!
അല്ലെങ്കിലാപത്തു വന്നു ഭവിച്ചിടും.''

ചെമ്പൻ കുതിര അവൻെറയടുത്തേക്കു് പാഞ്ഞുവന്നു. ഭൂമി അതിൻെറ കുളമ്പടിയേററു് കിടിലംകൊണ്ടു. അതിൻെറ മൂക്കിൽനിന്നും തീപ്പൊരി ചിതറി. ചെവിയിൽനിന്നു് പുകയുടെ മേഘങ്ങരം ഉയർന്നു. ഇവാൻ അതിൻെറ വലത്തെ ചെവിയിലൂടെ കയറി ഇടത്തേ ചെവിയിലൂടെ പുറത്തിറങ്ങി. പുലർകാലത്തെ ആകാശം പോലെ സൗന്ദര്യമുള്ള ഒരു യുവാവായി അവൻ മാറി. അതിനു മുമ്പു് അത്ര സൗന്ദര്യമുള്ള ആരും ഭൂമിയിൽ ഉണ്ടായിട്ടില്ല. അവനെ കണ്ടയുടൻ കൊട്ടാരത്തിൽ കൂടിയിരുന്നവർ അത്ഭുതസ്തബ്ധരായി.

പിന്നീടു് ഇവാൻ സുന്ദരി രാജകുമാരിയെ വിവാഹംചെയ്തു. തുടർന്നു് ഗംഭീരമായൊരു സദ്യയും കൊട്ടാരത്തിൽ നടത്തപ്പെട്ടു.





പണ്ടൊരിക്കൽ ഒരിടത്തു് ഒരു വൃദ്ധനു് മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. രണ്ടുപേർ ബുദ്ധിമാന്മാരും മൂന്നാമനായ യെമേല്യ ഒരു മണ്ടനും ആയിരുന്നു.

മൂത്ത സഹോദരന്മാർ രണ്ടുപേരും എപ്പോഴും പണിയെടുത്തു കൊണ്ടിരുന്നു. എന്നാൽ യെമേല്യ അടുപ്പിൻതിണ്ണയിൽ കിടന്നാണു് സമയം കഴിച്ചിരുന്നതു്.

ഒരു ദിവസം മൂത്ത സഹോദരന്മാർ ഇരുവരും ചന്തയിലേക്കു് പോയി. അവരുടെ ഭാര്യമാർ പറഞ്ഞു:

‘‘യെമേല്യാ, പോയി കുറെ വെള്ളം കൊണ്ടുവരൂ.’’

അടുപ്പിൻതിണ്ണയിൽ കിടന്നുകൊണ്ടു് യെമേല്യ മറുപടി പറഞ്ഞു:

‘‘ഞാൻ പോകുന്നില്ല. എനിക്കു പോകാൻ ഇഷ്ടമില്ല.’’

‘‘നീ പോയില്ലെങ്കിൽ ജ്യേഷ്ഠന്മാർ വരുമ്പോൾ നിനക്കു് സമ്മാനം ഒന്നും കൊണ്ടുവരികയില്ല.’’

‘‘ശരി, അങ്ങിനെയാണെങ്കിൽ ഞാൻ പോകാം.’’

യെമേല്യ താഴെയിറങ്ങി ബൂട്ടുകൾ ധരിച്ചു. കുപ്പായം എടുത്തിട്ടുകൊണ്ടു് അവൻ രണ്ടു തൊട്ടികളും ഒരു കോടാലിയുമായി പുഴയിലേക്കു പോയി.

അവൻ കോടാലികൊണ്ടു് വെട്ടി ഐസിൽ ഒരു ദ്വാരമുണ്ടാക്കി. വെള്ളം മുക്കിയെടുത്തു തൊട്ടികൾ നിറച്ചുവച്ചശേഷം അവൻ ഐസിലുണ്ടാക്കിയ ദ്വാരത്തിലൂടെ വെള്ളത്തിലേക്കു നോക്കിക്കൊണ്ടിരുന്നു. കുറെ കഴിഞ്ഞപ്പോൾ വെള്ളത്തിൽ ഒരു വാളമീൻ നീന്തിക്കളിക്കുന്നതു് അവൻ കണ്ടു. അവൻ കയ്യിട്ടു് മീനിനെ പുറത്തെടുത്തു.

‘‘ഇന്നു് അത്താഴത്തിനു് മീൻസൂപ്പു കുടിക്കാം!’’ അവൻ സന്തോഷത്തോടെ വിളിച്ചുപറഞ്ഞു.

എന്നാൽ മീൻ മനുഷ്യശബ്ദത്തിൽ ഇങ്ങിനെ പറഞ്ഞു:



''എന്നെ വിട്ടേക്കൂ, യെമേല്യാ. ഞാൻ നിനക്ക് എന്തെങ്കിലും ഉപകാരം ചെയ്യാം.''

യെമേല്യ ചിരിച്ചുപോയി.

''നീ എനിക്ക് എന്തുപകാരം ചെയ്യാനാണ്? ഇല്ല, ഞാൻ നിന്നെ വീട്ടിൽക്കൊണ്ടുപോയി ജ്യേഷ്ഠത്തിമാരോട് സൂപ്പുവച്ചുതരാൻ പറയും. എനിക്ക് മീൻസൂപ്പ് വളരെ ഇഷ്ടമാണ്.''

വാളമീൻ വീണ്ടും വീണ്ടും യാചിച്ചു:

''യെമേല്യാ, എന്നെ വിട്ടയയ്ക്കൂ. ഞാൻ നിന്റെ ഏതാഗ്രഹവും സാധിച്ചുതരാം.''

''ശരി,'' യെമേല്യ പറഞ്ഞു. ''നീ എന്നെ പറ്റിക്കുകയല്ലെന്ന് തെളിയിച്ചാൽ ഞാൻ നിന്നെ വിടാം.''

''നീ എന്താണ് ആഗ്രഹിക്കുന്നത്, യെമേല്യാ?'' മീൻ ചോദിച്ചു.

''ഒറ്റത്തുള്ളി വെള്ളംപോലും തുളുമ്പാതെ ഈ തൊട്ടികൾ താനെ വീട്ടിലെത്തണം.''

''ശരി,'' വാളമീൻ പറഞ്ഞു. ''നിനക്ക് എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ, ഇങ്ങിനെ പറഞ്ഞാൽ മതി: 'വാളമീൻ കല്പിക്കുന്നു. ഞാൻ ഇച്ഛിക്കുന്നു.' ഉടൻതന്നെ വിചാരിച്ച കാര്യം സാധിക്കും.''

യെമേല്യ ഉടൻതന്നെ പറഞ്ഞു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! തൊട്ടികളെ, താനേ വീട്ടിൽപ്പോകൂ!''

അപ്പോൾത്തന്നെ തൊട്ടികൾ നടന്ന് കുന്നു കയറി. യെമേല്യ മീനിനെ വെള്ളത്തിലിട്ടിട്ട് തൊട്ടികളുടെ പിന്നാലെ നടന്നു.

ഗ്രാമീണവീഥിയിലൂടെ തൊട്ടികൾ നടന്നുപോകുന്നതു കണ്ട് ആളുകൾ അമ്പരന്നു. യെമേല്യ അടക്കിച്ചിരിച്ചുകൊണ്ട് പിന്നാലെ നടന്നുപോയി. തൊട്ടികൾ നേരെ യെമേല്യയുടെ വീട്ടിലേക്ക് ചെന്ന് ഒരു ബഞ്ചിന്റെ മുകളിൽ കയറിയിരുന്നു. യെമേല്യ അടുപ്പിന്റെ തിണ്ണയിൽ വീണ്ടും സ്ഥലംപിടിച്ചു.

കുറെ സമയം കഴിഞ്ഞ് ജ്യേഷ്ഠത്തിമാർ യെമേല്യയെ വിളിച്ച് പറഞ്ഞു:

''യെമേല്യാ, അവിടെ ഇങ്ങിനെ വെറുതെ കിടക്കാതെ പോയി കുറെ വിറകു കീറിക്കൊണ്ടുവാ.''

''എനിക്കു വയ്യ. എനിക്ക് ഇഷ്ടമില്ല.'' യെമേല്യ പറഞ്ഞു.

''ഞങ്ങൾ പറയുന്നതു കേട്ടില്ലെങ്കിൽ ജ്യേഷ്ഠന്മാർ മടങ്ങിവരുമ്പോൾ നിനക്ക് ഒന്നും കിട്ടുകയില്ല.''

യെമേല്യയ്ക്ക് അടുപ്പിന്റെ തിണ്ണയിൽനിന്നിറങ്ങാൻ മനസ്സില്ലായിരുന്നു. അവൻ വാളമീനിന്റെ കാര്യം അപ്പോഴാണ് ഓർത്തത്. ആരും കേൾക്കാതെ അവൻ മന്ത്രിച്ചു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! കോടാലീ, പോയി കുറെ വിറകു കീറൂ. വിറകേ, നിങ്ങൾ വീട്ടിനുള്ളിലെത്തി അടുപ്പിനകത്തേക്ക് ചാടിക്കയറൂ.''

അത്ഭുതം! ബഞ്ചിനടിയിലിരുന്ന കോടാലി മുറ്റത്തേക്ക് ഓടിച്ചെന്ന് വിറകുകീറിത്തുടങ്ങി. വിറകുകമ്പുകൾ വീട്ടിനുള്ളിലെത്തി അടുപ്പിൽ ചാടിക്കയറി.

പിന്നെയും കുറെ സമയം കഴിഞ്ഞു. ജ്യേഷ്ഠത്തിമാർ പിന്നെയും യെമേല്യയെ വിളിച്ചു:

''യെമേല്യാ, വിറകു മുഴുവൻ തീർന്നു. നീ കാട്ടിൽ പോയി കുറെ തടി വെട്ടിക്കൊണ്ടുവരൂ.''

അടുപ്പിന്റെ തിണ്ണയിൽ തിരിഞ്ഞുകിടന്നുകൊണ്ട് യെമേല്യ മറുപടി പറഞ്ഞു:

''നിങ്ങൾക്ക് ചെയ്താലെന്താ?''

''നീ എന്താണീപ്പറയുന്നത്, യെമേല്യ?'' പെണ്ണുങ്ങൾ ചോദിച്ചു. ''കാട്ടിൽപ്പോയി തടിവെട്ടിക്കൊണ്ടുവരുന്നത് ഞങ്ങളുടെ ജോലിയല്ല.''

''എനിക്ക് അതു ചെയ്യാൻ ഇഷ്ടമില്ല.''

''എന്നാൽ നിനക്ക് സമ്മാനം ഒന്നും കിട്ടുകയുമില്ല.''

യെമേല്യയ്ക്ക് പോകാതെ നിവൃത്തിയില്ലായിരുന്നു. അവൻ അടുപ്പിൻതിണ്ണയിൽനിന്ന് താഴെയിറങ്ങി ബൂട്ടുകളും കുപ്പായവും

ധരിച്ചു. ഒരു കയറും ഒരു കോടാലിയും എടുത്തുകൊണ്ടു് മുററത്തു ചെന്നു് തെന്നുവണ്ടിയിൽ കയറി ഇരുന്നിട്ടു് അവൻ ഇങ്ങിനെ പറഞ്ഞു:

''പെണ്ണുങ്ങളെ, പടിവാതിൽ തുറക്കിൻ!''

അവൻെറ ജ്യേഷ്ഠത്തിമാർ പറഞ്ഞു:

''എടാ, മണ്ടാ, നീ തെന്നുവണ്ടിയിൽ എന്തു ചെയ്യുകയാണു്? നീ കുതിരയെ അതിൽ കെട്ടിയിട്ടില്ലല്ലോ!''

''എനിക്കു് കുതിരയുടെ ആവശ്യമില്ല,'' യെമേല്യ പറഞ്ഞു.

സ്ത്രീകൾ പടിവാതിൽ തുറന്നു. യെമേല്യ ഇങ്ങിനെ മന്ത്രിച്ചു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു. തെന്നുവണ്ടീ, കാട്ടിലേക്കു പോകു!''

തെന്നുവണ്ടി പടികടന്നു് അതിവേഗം കാട്ടിലേക്കു പാഞ്ഞു. കുതിരപ്പുറത്തുപോലും അതിനോടൊപ്പമെത്തുവാൻ ആർക്കും കഴിയുമായിരുന്നില്ല.

കാട്ടിലേക്കുള്ള വഴി ഒരു പട്ടണത്തിൻെറ മദ്ധ്യത്തിലൂടെയായിരുന്നു. തെന്നുവണ്ടി പലരുടേയും ദേഹത്തു മുട്ടി. പലരും അതിനടിയിൽപ്പെട്ടു് ഞെരിഞ്ഞു. പട്ടണവാസികൾ വിളിച്ചുപറഞ്ഞു: ''അവനെ തടഞ്ഞുനിർത്തണം! അവനെ പിടിച്ചുനിർത്തണം!'' യെമേല്യയ്ക്കു കൂസലില്ലായിരുന്നു. അവൻ തെന്നുവണ്ടിയോടു് കൂടുതൽ വേഗം ഓടാൻ പറയുകമാത്രമാണു് ചെയ്തതു്. കാട്ടിലെത്തിയ ഉടൻ വണ്ടി നിർത്തിയിട്ടു് അവൻ പറഞ്ഞു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! കോടാലീ, കുറെ ഉണങ്ങിയ തടി വെട്ടിയിടു. തടികളേ, നിങ്ങൾ വണ്ടിയിൽ കയറിയിരുന്നു് സ്വയം അടുക്കിവച്ചു് കയറുകൊണ്ടു് കെട്ടു.''

കോടാലി ഉണങ്ങിയ തടികൾ മുറിച്ചിട്ടു് കീറി വിറകാക്കി. വിറകുകമ്പുകൾ ഓരോന്നായി വണ്ടിയിൽക്കയറിയിരുന്നു് ഒരുമിച്ചു് കെട്ടി. നല്ല കനമുള്ള ഒരു കുറുവടി വെട്ടിത്തരാൻ യെമേല്യ കോടാലിയോടു പറഞ്ഞു. അതു കഴിഞ്ഞു് അവൻ വണ്ടിയിൽ കയറി വിറകുകളുടെ മുകളിൽ ഇരുന്നുകൊണ്ടു് മന്ത്രിച്ചു:



''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! തെന്നുവണ്ടീ, വീട്ടിലേക്കു്!''

തെന്നുവണ്ടി വളരെ വേഗത്തിൽ ഓടി. താൻ പലരേയും തള്ളിയിടുകയും മുറിവേല്പിക്കുകയും ചെയ്തു പട്ടണത്തിൽ യെമേല്യ എത്തി. അവിടെ അനേകംപേർ അവനെ പിടിക്കാൻ തയ്യാറായി നിന്നിരുന്നു. അവർ അവനെ തെന്നുവണ്ടിയിൽനിന്നു വലിച്ചു താഴെയിട്ടു് അടിക്കാനും തൊഴിക്കാനും തുടങ്ങി.

താൻ ആപത്തിലകപ്പെട്ടിരിക്കയാണെന്നു മനസ്സിലായ ഉടൻ യെമേല്യ ഇങ്ങിനെ മന്ത്രിച്ചു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! കുറുവടീ, ഇറങ്ങിവന്നു് ഇവരെ പൊതിരെ തല്ലു!''

കുറുവടി ചാടിച്ചെന്നു് അടിതുടങ്ങി. പട്ടണവാസികൾ പരിഭ്രാന്തരായി നാലുപാടും ഓടി. യെമേല്യ വീട്ടിലെത്തി അടുപ്പിന്റെ തിണ്ണയിൽ കയറിക്കിടന്നു.

സമയം പിന്നേയും കുറെ കഴിഞ്ഞു. രാജാവു് യെമേല്യയുടെ പരാക്രമത്തെക്കുറിച്ചു് കേട്ടു. അവനെ കണ്ടുപിടിച്ചു് കൊട്ടാരത്തിൽ ഹാജരാക്കാൻ അദ്ദേഹം തന്റെ പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥനെ അയച്ചു.

ഉദ്യോഗസ്ഥൻ യെമേല്യയുടെ ഗ്രാമത്തിലെത്തി. അയാൾ യെമേല്യയുടെ വീട്ടിൽ കയറിച്ചെന്നു് ഇങ്ങിനെ ചോദിച്ചു:

''നീയാണോ മണ്ടൻ യെമേല്യ?''

''ആണെങ്കിലെന്താ?''

''വേഗം കുപ്പായം എടുത്തിടു്. ഞാൻ നിന്നെ രാജാവിന്റെ അടുത്തേക്കു കൊണ്ടുപോവുകയാണു്.''

''എനിക്കു പോകാൻ ഇഷ്ടമില്ല,'' യെമേല്യ പറഞ്ഞു.

പട്ടാളക്കാരൻ രോഷാകുലനായി യെമേല്യയുടെ കരണത്തു് ഒന്നടിച്ചു. ഉടൻതന്നെ യെമേല്യ ഇങ്ങിനെ മന്ത്രിച്ചു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! കുറുവടീ, ഇയാളെ അടിച്ചു ചമ്മന്തിയാക്കു!''

കുറുവടി ചാടിച്ചെന്നു് ഉദ്യോഗസ്ഥനെ അടിച്ചു് അവശനാക്കി.

തന്റെ ഉദ്യോഗസ്ഥൻ യെമേല്യയോടു് തോററു എന്നറിഞ്ഞു് രാജാവു് അത്ഭുതപ്പെട്ടു. അദ്ദേഹം തന്റെ പ്രഭുക്കന്മാരിൽ ഏററവും പ്രധാനിയെ വരുത്തി.

''യെമേല്യയെ കണ്ടുപിടിച്ചു് കൊട്ടാരത്തിൽ ഹാജരാക്കിയില്ലെങ്കിൽ ഞാൻ നിങ്ങളുടെ തല വീശും,'' രാജാവു് പ്രഭുവിനോടു പറഞ്ഞു.

പ്രഭു കുറെ മുന്തിരിങ്ങയും പലഹാരങ്ങളും വാങ്ങിക്കൊണ്ടു് അതേ ഗ്രാമത്തിലുള്ള അതേ വീട്ടിൽ എത്തി. യെമേല്യയ്ക്കു് എന്താണിഷ്ടമെന്നു് അയാൾ ജ്യേഷ്ഠത്തിമാരോടു ചോദിച്ചു.

''അവനോടു മധുരമായി സംസാരിക്കുന്നതാണു് അവനു് ഇഷ്ടം,'' അവർ പറഞ്ഞു. ''അവനോടു് നയത്തിൽ പെരുമാറുകയും അവനു് ഒരു ചുവന്ന കുപ്പായം വാങ്ങിക്കൊടുക്കാമെന്നു് പറയുകയും ചെയ്താൽ നിങ്ങൾ പറയുന്നതു് എന്തും അവൻ അനുസരിക്കും.''

പ്രഭു യെമേല്യയ്ക്കു് മുന്തിരിങ്ങയും പലഹാരങ്ങളും കൊടുത്തിട്ടു് ഇങ്ങിനെ പറഞ്ഞു:

''യെമേല്യാ, അടുപ്പിൻതിണ്ണയിൽ ഇങ്ങിനെ കിടക്കുന്നതു് എന്തിനാണു്! എന്റെ കൂടെ രാജാവിന്റെ കൊട്ടാരത്തിലേക്കു വരൂ.''

''എനിക്കു് ഇവിടെ ഉള്ള സുഖം മതി,'' യെമേല്യ പറഞ്ഞു.

''ഹാ, യെമേല്യാ, രാജാവു് പലഹാരങ്ങളും വീഞ്ഞും തന്നു് നിന്നെ സൽക്കരിക്കും. നമുക്കു് അങ്ങോട്ടു പോകാം.''

''ഇല്ല, ഞാൻ വരുന്നില്ല,'' യെമേല്യ പറഞ്ഞു.

''യെമേല്യാ, ഒന്നാന്തരം ഒരു ചുവപ്പുകുപ്പായവും ഒരു ജോടി ബൂട്ടുകളും ഒരു തൊപ്പിയും രാജാവു് നിനക്കു് സമ്മാനമായി തരാൻ ഉദ്ദേശിക്കുന്നുണ്ടു്.''

യെമേല്യ കുറച്ചാലോചിച്ചിട്ടു പറഞ്ഞു: ''ശരി, ഞാൻ നിങ്ങൾ പറഞ്ഞതുപോലെ ചെയ്യാം. പക്ഷെ നിങ്ങൾ ഒററയ്ക്കു പോകണം. ഞാൻ പിറകെ വന്നേക്കാം.''

പ്രഭു കുതിരപ്പുറത്തു് യാത്രയായി. യെമേല്യ കുറെ നേരംകൂടി അടുപ്പിൻതിണ്ണയിൽ കിടന്നിട്ടു് ഇങ്ങിനെ പറഞ്ഞു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! അടുപ്പേ, നീ കൊട്ടാരത്തിലേക്കു് പോവൂ!''

വീടിൻെറ മൂലകളിൽ വിള്ളലുണ്ടായി, മേൽക്കൂര ഇളകി. ഒരു ഭിത്തി ഇടിഞ്ഞുവീണു. അടുപ്പു് തെരുവിലേക്കിറങ്ങി കൊട്ടാരത്തെ ലക്ഷ്യമാക്കി റോഡിലൂടെ പാഞ്ഞു.

രാജാവു് ജാലകത്തിലൂടെ ഈ കാഴ്ച കണ്ടു.

''ഇതെന്താണു്?'' അദ്ദേഹം ചോദിച്ചു.

പ്രഭു ഉത്തരം പറഞ്ഞു:

''യെമേല്യ അടുപ്പിൻെറ പുറത്തു് കൊട്ടാരത്തിലേക്കു് വരികയാണു്.''

രാജാവു് പൂമുഖത്തേക്കു ചെന്നു് ഇങ്ങിനെ പറഞ്ഞു:

''യെമേല്യാ, നിന്നെപ്പററി പല പരാതികളും എനിക്കു കിട്ടിയിട്ടുണ്ടു്. നീ അനേകം ആളുകൾക്കു് പരുക്കേല്പിച്ചുവെന്നു് കേട്ടു.''


''അവർ എൻെറ തെന്നുവണ്ടിയുടെ മുമ്പിൽ വന്നു നിന്നതെന്തിനാണു്?'' യെമേല്യ ചോദിച്ചു.

ഈ സമയത്തു് രാജാവിൻെറ പുത്രി മരീയ രാജകുമാരി ജാലകത്തിലൂടെ അങ്ങോട്ടു നോക്കി. യെമേല്യ അവളെ കണ്ടപ്പോൾ ഇങ്ങിനെ പതുക്കെ പറഞ്ഞു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! രാജാവിൻെറ പുത്രി എന്നിൽ അനുരക്തയാകട്ടെ!''

അവൻ ഇത്രയുംകൂടി കൂട്ടിച്ചേർത്തു:

''അടുപ്പേ, വീട്ടിൽപ്പോകൂ!''



അടുപ്പ് തിരിഞ്ഞ് യെമേല്യയുടെ ഗ്രാമത്തിലേക്ക് ഓട്ടംതുടങ്ങി. അത് കുടിലിൽ കയറി സ്വസ്ഥാനത്ത് ഇരുന്നു. യെമേല്യ അപ്പോഴും അതിന്റെ മുകളിൽ കിടക്കുകയായിരുന്നു.

ഈ സമയത്ത് കൊട്ടാരത്തിൽ ഒരു തേങ്ങൽ കേട്ടു. മരീയ രാജകുമാരി യെമേല്യയെ ഓർത്ത് കണ്ണുനീർ വാർത്തുകൊണ്ടിരുന്നു. തനിക്ക് യെമേല്യയെ കൂടാതെ ജീവിക്കാൻ വയ്യെന്നും അതുകൊണ്ട് അവനെ കല്യാണം കഴിക്കാൻ അനുവദിക്കണമെന്നും രാജാവിനോട് അവൾ പറഞ്ഞു. രാജാവിന് ഇത് കേട്ടപ്പോൾ അതിയായ മനക്ലേശവും ദുഃഖവും ഉണ്ടായി. അദ്ദേഹം പ്രഭുവിനോട് പറഞ്ഞു:

''പോയി യെമേല്യയെ ജീവനോടെയോ അല്ലാതെയോ ഇവിടെ കൊണ്ടുവരൂ. അല്ലാത്തപക്ഷം ഞാൻ നിങ്ങളുടെ തല വീശും.''

പ്രഭു പലതരം പലഹാരങ്ങളും മധുരമുള്ള വീഞ്ഞുകളും വാങ്ങിക്കൊണ്ട് യെമേല്യയുടെ ഗ്രാമത്തിലെത്തി. അയാൾ യെമേല്യയുടെ വീട്ടിനുള്ളിൽ പ്രവേശിച്ച് പലഹാരങ്ങളും വീഞ്ഞുകളും അവന്റെ മുമ്പിൽ നിരത്തിവച്ചു.

യെമേല്യ സ്വാദേറിയ ആ പലഹാരങ്ങളും വീഞ്ഞുകളും മതിയാവോളം അകത്താക്കി. മദ്യത്തിന്റെ ലഹരിയിൽ അവൻ കിടന്നുറങ്ങി. ഉറങ്ങിക്കിടന്ന യെമേല്യയെ ഒരു വണ്ടിയിൽ കയറ്റിക്കൊണ്ട് പ്രഭു കൊട്ടാരത്തിലേയ്ക്കു പോയി.

ഇരുമ്പുപട്ടകൾകൊണ്ട് ചുറ്റപ്പെട്ട ഒരു വലിയ വീപ്പ കൊണ്ടുവരാൻ രാജാവ് ഉടൻതന്നെ കല്പിച്ചു.

യെമേല്യയേയും മരീയ രാജകുമാരിയേയും വീപ്പയ്ക്കുള്ളിലാക്കി വീപ്പ ഭദ്രമായി അടച്ച് പുറത്ത് ടാറും പുരട്ടി കടലിലേക്കെറിഞ്ഞു.

കുറെ സമയം കഴിഞ്ഞ് യെമേല്യ ഉണർന്നു. ചുറ്റും ഇരുട്ടാണെന്നും താൻ ഒരു ഇടുങ്ങിയ സ്ഥലത്താണെന്നും മനസ്സിലായ ഉടനെ യെമേല്യ ചോദിച്ചു:

''ഞാൻ എവിടെയാണ്?''

മരീയ രാജകുമാരി പറഞ്ഞു:

''പ്രിയതമാ, യെമേല്യാ, വല്ലാത്ത ദുരവസ്ഥയാണ് നമ്മുടേത്! അവർ നമ്മെ ടാറടിച്ച ഒരു വീപ്പയിലടച്ച് നീലക്കടലിൽ എറിഞ്ഞിരിക്കയാണ്.''

''നീ ആരാണ്?'' യെമേല്യ ചോദിച്ചു.

''മരീയ രാജകുമാരി.''

അപ്പോൾ യെമേല്യ ഇങ്ങിനെ മന്ത്രിച്ചു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! കൊടുങ്കാറ്റേ! വീപ്പ ഒരു കരയിലടുപ്പിച്ച് മഞ്ഞ മണല്പുറത്ത് നിക്ഷേപിക്കൂ!''

കാറ്റ് ഉടൻതന്നെ ശക്തിയായി അടിച്ചുതുടങ്ങി. കടൽ ക്ഷോഭിച്ചു. വീപ്പ കരയ്ക്കടുത്ത് മഞ്ഞ മണൽപ്പരപ്പിൽ വന്നുതങ്ങി. യെമേല്യയും മരീയ രാജകുമാരിയും വീപ്പയിൽനിന്നു പുറത്തിറങ്ങി. മരീയ രാജകുമാരി പറഞ്ഞു:

''യെമേല്യാ, നാം എവിടെ താമസിക്കും? എങ്ങിനെയെങ്കിലും ഒരു കുടിലുണ്ടാക്കൂ.''

''ഞാൻ കുടിലുണ്ടാക്കുകയോ? അതു നടപ്പില്ല,'' യെമേല്യ പറഞ്ഞു.

രാജകുമാരി അവനോട് വീണ്ടുംവീണ്ടും കേണപേക്ഷിച്ചു. ഒടുവിൽ അവൻ പറഞ്ഞു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! സ്വർണ്ണമേൽക്കൂരയുള്ളതും കല്ലുകൊണ്ടുണ്ടാക്കപ്പെട്ടതുമായ ഒരു കൊട്ടാരം ഇവിടെ ഉയരട്ടെ!''

അവൻ ഇങ്ങിനെ പറഞ്ഞുതീർന്ന ഉടൻ അതിമനോഹരമായ ഒരു കൊട്ടാരം അവിടെ ഉണ്ടായി. അത് കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടതും, അതിന്റെ മേൽക്കൂര സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതുമായിരുന്നു. ചുറ്റും ഉണ്ടായിരുന്ന സുന്ദരമായ ഉദ്യാനത്തിൽ പൂക്കൾ വിരിഞ്ഞുനിന്നു, പക്ഷികൾ പാടിക്കൊണ്ടിരുന്നു. മരീയ രാജക

മാരിയും യെമേല്യയും കൊട്ടാരത്തിൽ പ്രവേശിച്ചു് ജനാലയിലൂടെ പുറത്തേക്കു നോക്കിയിരുന്നു.

മരീയ രാജകുമാരി ചോദിച്ചു:

''യെമേല്യാ, നിനക്കു് സുന്ദരനായിക്കൂടെ?''

ഒന്നും ആലോചിക്കാതെതന്നെ യെമേല്യ പറഞ്ഞു:

''വാളമീൻ കല്പിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു! ഞാൻ നല്ല പൊക്കവും സൗന്ദര്യവുമുള്ള ഒരു യുവാവായിത്തീരട്ടെ!''

ഉടൻതന്നെ യെമേല്യ അതിസുന്ദരനായ ഒരു യുവാവായി മാറി. അത്ര സുന്ദരനായ ഒരു യുവാവു് അതിനുമുമ്പു് ഭൂമിയിൽ ഉണ്ടായിട്ടില്ല.

രാജാവു് ആയിടയ്ക്കു് വേട്ടയ്ക്കിറങ്ങിയപ്പോൾ നേരത്തെ തരിശായിക്കിടന്ന ഒരു സ്ഥലത്തു് ഒരു കൊട്ടാരം ഉയർന്നു നില്ക്കുന്നതു കണ്ടു.

''എന്റെ സ്ഥലത്തു് കൊട്ടാരം പണിയാനുള്ള ധിക്കാരം ആർക്കാണുണ്ടായതു്?'' എന്നു ചോദിച്ചുകൊണ്ടു് അദ്ദേഹം കുററക്കാരനെ കണ്ടുപിടിക്കാൻ ഒരു ദൂതനെ അയച്ചു.

രാജദൂതൻ കൊട്ടാരത്തിലെത്തി ജനലിനടുത്തു ചെന്നു നിന്നുകൊണ്ടു് ആരാണെന്നു പറയുവാൻ യെമേല്യയോടു് അഭ്യർത്ഥിച്ചു.

''എന്നെ സന്ദർശിക്കാൻ രാജാവിനോടു പറയൂ. ഞാൻ ആരാണെന്നു് അപ്പോൾ നേരിട്ടു പറഞ്ഞോളാം,'' യെമേല്യ പറഞ്ഞു.

രാജാവു് യെമേല്യയുടെ നിർദ്ദേശം സ്വീകരിച്ചു. യെമേല്യ അദ്ദേഹത്തെ കൊട്ടാരത്തിന്റെ കവാടത്തിൽവച്ചു സ്വീകരിച്ചു. അദ്ദേഹത്തെ അകത്തു കൊണ്ടുചെന്നു് മേശയ്ക്കരികിലിരുത്തി രാജോചിതമായി സൽക്കരിച്ചു. രാജാവു് തിന്നുകയും കുടിക്കുകയും ചെയ്തുകൊണ്ടു് ചോദിച്ചു:

''നല്ല മനുഷ്യാ, നിങ്ങൾ ആരാണു്?''

''ഒരു അടുപ്പിന്റെ തിണ്ണയിൽക്കയറി അങ്ങയെ സന്ദർശിച്ച മണ്ടൻ യെമേല്യയെ അങ്ങു് ഓർക്കുന്നുണ്ടോ?'' യെമേല്യ ചോദിച്ചു. ''അവനേയും അങ്ങയുടെ മകളേയും ഒരുമിച്ചു് ഒരു വീപ്പയി



ലടച്ചു് കടലിലെറിഞ്ഞതു് ഓർക്കുന്നുണ്ടോ? ഞാനാണു് ആ യെമേല്യ. വേണമെന്നു വിചാരിച്ചാൽ അങ്ങയുടെ രാജ്യം മുഴുവൻ തീകത്തിച്ചു നശിപ്പിക്കാൻ എനിക്കു കഴിയും.''

രാജാവു് വല്ലാതെ പേടിച്ചുപോയി. തന്നോടു ക്ഷമിക്കണമെന്നു് അദ്ദേഹം യെമേല്യയോടു് അപേക്ഷിച്ചു.

''എനിക്കു മാപ്പുതരൂ, യെമേല്യ,'' അദ്ദേഹം യാചിച്ചു. ''എന്റെ മകളെ നിനക്കു കല്യാണംകഴിച്ചുതരാം. എന്റെ രാജ്യവും തരാം.''

പിന്നീടു് അവിടെ നടന്നതു് അതിഗംഭീരമായ ഒരു സദ്യയായിരുന്നു. യെമേല്യ മരീയ രാജകുമാരിയെ കല്യാണംകഴിച്ചു. പിന്നീടു് അവനാണു് ആ രാജ്യം ഭരിച്ചതു്. അവർ സുഖമായി അനേകകാലം ജീവിച്ചിരുന്നു.

എന്റെ കഥയുടെ അവസാനം അതാണു്. ഈ കഥ കേട്ടുകൊണ്ടിരിക്കുന്നയാാം എന്റെ ആത്മാർത്ഥസുഹൃത്താണു്.

# സുന്ദരിയായ വസിലീസ



പണ്ടു പണ്ട് ഒരു രാജ്യത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും വസിലീസ എന്നുപേരുള്ള അവരുടെ മകളും പാർത്തിരുന്നു. ഒരു ചെററക്കുടിലിലാണ് അവർ താമസിച്ചിരുന്നതെങ്കിലും അവരുടെ ജീവിതം സന്തോഷവും സംതൃപ്തിയും നിറഞ്ഞതായിരുന്നു. എന്നാൽ ഒരിക്കൽ ദൗർഭാഗ്യം അവരെ പിടികൂടി. അമ്മൂമ്മ മാരകമായ ഒരു രോഗം പിടിപെട്ട് കിടപ്പിലായി. മരണം അടുത്തുകഴിഞ്ഞു എന്നു മനസ്സിലായപ്പോൾ അമ്മൂമ്മ മകളെ അടുത്തു വിളിച്ച് അവൾക്ക് ഒരു പാവ സമ്മാനിച്ചിട്ട് പറഞ്ഞു:

‘‘മോളെ, നീ ഈ പാവ എപ്പോഴും സൂക്ഷിച്ചുകൊള്ളണം. മററാരേയും ഇതു കാണിക്കരുത്. നിനക്ക് എന്തെങ്കിലും ഒരാപത്തു വരികയാണെങ്കിൽ അപ്പോൾ ഇതിന്ന് എന്തെങ്കിലും തിന്നാൻ കൊടുത്തിട്ട് നീ ഇതിൻെറ ഉപദേശം ആരായണം. എല്ലാ കഷ്ടപ്പാടുകളിൽനിന്നും ഈ പാവ നിന്നെ രക്ഷിക്കും.’’

വസിലീസയെ അവസാനമായി കെട്ടിപ്പിടിച്ച് ഉമ്മവച്ചിട്ട് വൃദ്ധ മരിച്ചു.

വൃദ്ധൻ ഒരുപാടുനാൾ ദുഃഖിച്ചു കിടന്നു. ഒടുവിൽ മറെറാരു സ്ത്രീയെ വിവാഹംചെയ്തു. വസിലീസയ്ക്ക് ഒരു അമ്മയുടെ വാത്സല്യം ലഭിക്കുമെന്നാണ് വൃദ്ധൻ വിചാരിച്ചത്. പക്ഷെ അവൾക്കു ലഭിച്ചത് രണ്ടാനമ്മയുടെ പോരു മാത്രമാണ്.

രണ്ടാനമ്മയ്ക്ക് രണ്ടു പെൺമക്കളുണ്ടായിരുന്നു. അസൂയയും കുശുമ്പും ദുരാഗ്രഹവും ആയിരുന്നു ആ പെൺകുട്ടികളുടെ കൂടപ്പിറപ്പുകൾ. രണ്ടാനമ്മ സ്വന്തം മക്കളെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തുപോന്നു. എന്നാൽ വസിലീസയെ അവർ എപ്പോഴും ശകാരിക്കും. അവർ വസിലീസയ്ക്ക് ഒരിക്കലും സ്വൈരം കൊടുക്കുകയില്ല. പാവം വസിലീസ വളരെ കഷ്ടപ്പെട്ടു. രണ്ടാനമ്മയും മക്കളും അവളെ എപ്പോഴും വഴക്കുപറയുകയും താങ്ങാവുന്നതിൽകൂടുതൽ



ജോലിചെയ്യാൻ അവളെ നിർബ്ബന്ധിക്കയും ചെയ്തുപോന്നു. ഒരു പാടു ജോലിചെയ്യിച്ചാൽ വസിലീസ ക്ഷീണിക്കുകയും മെലിയുകയും ചെയ്യുമെന്നും, കാററും വെയിലുമേററ് അവളുടെ മുഖം കറുക്കുകയും വൃത്തികേടാവുകയും ചെയ്യുമെന്നുമാണ് അവർ വിചാരിച്ചത്. പ്രഭാതം മുതൽ പ്രദോഷംവരെ മൂന്നുപേരിൽ ആരെങ്കിലും ഒരാൾ അവളുടെ പിന്നാലെ നടന്ന് പറയും:

‘‘ഹേ, വസിലീസ! നീ എന്തെടുക്കുകയാണ്? വേഗം പോയി വിറകു കൊണ്ടുവാ! തീകൂട്ടി, മാവുകുഴച്ച് അപ്പമുണ്ടാക്ക്! പാത്രം തേയ്ക്ക്! പശുവിനെ കറക്കാൻ നേരമായി. ഇതേവരെ നിലം തുടച്ചുകഴിഞ്ഞില്ലേ? ഉറക്കംതൂങ്ങി നില്ക്കാതെ വേഗം ജോലി ചെയ്യ്!’’

പറയുന്ന എല്ലാ ജോലികളും വസിലീസ ചെയ്യും. അവൾ എല്ലാവരുടേയും ഇഷ്ടത്തിനു-നില്ക്കും. എല്ലാ പണികളും സമയത്ത് ചെയ്തുതീർക്കുകയും ചെയ്തുപോന്നു. അവൾ ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ സുന്ദരിയായിത്തീർന്നു. അവളുടെ സൗന്ദര്യം പറഞ്ഞറിയിക്കാൻ വാക്കുകളില്ല. ലോകൈകസുന്ദരി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. എന്നാൽ ഇതിനെല്ലാം കാരണം ആ കൊച്ചു പാവയായിരുന്നു.

അതിരാവിലെ വസിലീസ പശുവിനെ കറക്കും. കലവറയിൽ കയറി വാതിൽ അകത്തുനിന്ന് കുററിയിട്ടിട്ട് അവൾ പാവ പുറത്തെടുത്ത് അതിന് കുറച്ചു പാൽ കൊടുക്കും.

‘‘കൊച്ചുപാവെ, പാൽ കുടിക്കൂ! ഈ പാവത്തെ സഹായിക്കൂ!’’

പാവ പാൽകുടിച്ചിട്ട് വസിലീസയെ ആശ്വസിപ്പിക്കും, അവൾ ചെയ്യേണ്ട ജോലികളെല്ലാം ചെയ്തുതീർക്കും. മുടിയിൽ ചൂടാനായി പൂമാലകെട്ടിക്കൊണ്ട് വസിലീസ മരത്തണലിലിരിക്കും. പച്ചക്കറിത്തോട്ടത്തിലെ കളകൾ പറിച്ചുമാററുക, വെള്ളം കൊണ്ടുവരിക, തീ കൂട്ടുക, മുട്ടക്കൂസുകൾക്ക് വെള്ളമൊഴിക്കുക മുതലായ എല്ലാ ജോലികളും നിമിഷത്തിനുള്ളിൽ ചെയ്തുകഴിയും. വെ



യിലേററ് മുഖം കരുവാളിക്കാതിരിക്കാൻ പാവ വസിലീസയ്ക്ക് ഒരു പച്ചമരുന്ന് കൊടുത്തു. അതു പുരട്ടുന്നതുകൊണ്ട് വസിലീസയുടെ സൗന്ദര്യം പ്രതിദിനം വർദ്ധിച്ചു.

ശരല്ക്കാലത്തിൻെറ അവസാനത്തിൽ ഒരു ദിവസം വൃദ്ധൻ ദൂരെ ഒരിടത്തേക്കു യാത്രയായി. കുറെക്കാലം കഴിഞ്ഞേ ഇനി അയാരം മടങ്ങിവരികയുള്ളു.

രണ്ടാനമ്മയും മൂന്നു സഹോദരിമാരും വീട്ടിൽ തനിച്ചായി. അവർ കുടിലിനുള്ളിൽതന്നെ കഴിച്ചുകൂട്ടി. പുറത്ത് സർവ്വത്ര ഇരുട്ട്. മഴ തകർത്തു പെയ്യുന്നു. കൊടുങ്കാററ് ഓരിയിടുന്നു. ഒരു ഘോരവനത്തിൻെറ വക്കത്താണ് ആ കുടിൽ ഇരിക്കുന്നതു്. കണ്ണടച്ചുതുറക്കുംമുമ്പ് മനുഷ്യരെ മുഴുവനെ വിഴുങ്ങുന്ന ബാബയഗാ എന്ന കൗശലക്കാരിയും കുബുദ്ധിയുമായ വൃദ്ധമന്ത്രവാദിനി താമസിക്കുന്നതു് അതേ കാട്ടിലാണ്.

രണ്ടാനമ്മ പെൺകുട്ടികൾക്കു മൂന്നുപേർക്കും ഓരോ ജോലി കൊടുത്തു: മൂത്തവൾ റേന്ത നെയ്യണം, രണ്ടാമത്തവൾ കമ്പിളിക്കാലുറ തുന്നണം, വസിലീസ നൂൽ നൂൽക്കണം. വിളക്കുകളെല്ലാം കെടുത്തിയിട്ട് രണ്ടാനമ്മ ഉറങ്ങാൻ കിടന്നു. പെൺകുട്ടികൾ ജോലിചെയ്തുകൊണ്ടിരുന്ന മുറിയിൽ മാത്രം ബർച്ചുമരത്തിൻെറ ഒരു പൂള് കത്തിക്കൊണ്ടിരുന്നു.

വിറകുപൂള് കുറേനേരം ചീറുകയും പൊട്ടുകയും ചെയ്തിട്ട് അണഞ്ഞുപോയി.

''ഇനി എന്തു ചെയ്യും?'' രണ്ടാനമ്മയുടെ മക്കൾ രണ്ടുപേരും വിളിച്ചുകൂവി. ''കുടിലിൽ ഇരുട്ടാണ്. നാം എങ്ങിനെ പണിയെടുക്കും? ആരെങ്കിലും ഒരാൾ ബാബയഗായുടെ വീട്ടിൽച്ചെന്ന് ഒരു വിളക്കു വാങ്ങിക്കൊണ്ടു വരണം.''

''ഞാൻ പോകുന്നില്ല,'' മൂത്തവൾ പറഞ്ഞു. ''ഞാൻ റേന്ത നെയ്യുകയാണ്. എൻെറ സൂചിയുടെ തിളക്കം എനിക്കു വേണ്ടത്ര വെളിച്ചം തരുന്നുണ്ട്.''



‘‘ഞാനും പോകുന്നില്ല,’’ രണ്ടാമത്തവൾ പറഞ്ഞു. ‘‘ഞാൻ കാലുറ തുന്നുകയാണു്. എന്റെ രണ്ടു സൂചികൾ എനിക്കു് വേണ്ടത്ര വെളിച്ചം തരുന്നുണ്ടു്.’’

പിന്നീടു് രണ്ടുപേരും ഒരേ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു: ‘‘വസിലീസ വേണം വിളക്കു കൊണ്ടുവരാൻ! വസിലീസ, നീ ഈ നിമിഷംതന്നെ ബാബയഗായുടെ വീട്ടിലേക്കു പുറപ്പെടണം!’’ അവർ വസിലീസയെ കുടിലിനു പുറത്തേക്കു് തള്ളി.

കുററാക്കുററിരുട്ടു്, കൊടുങ്കാടു്, ഓരിയിടുന്ന കാററു്. വസിലീസ പേടിച്ചുപോയി. അവൾ പൊട്ടിക്കരഞ്ഞു. ഉടുപ്പിന്റെ കീശയിൽനിന്നു് പാവ പുറത്തെടുത്തു്, അവൾ തേങ്ങി:

‘‘എന്റെ പൊന്നു പാവെ! മനുഷ്യരെ മുഴുവനോടെ വിഴുങ്ങുന്ന ബാബയഗായുടെ അടുത്തേക്കു് അവർ എന്നെ പറഞ്ഞയക്കുകയാണു്!’’

‘‘ഒന്നും പേടിക്കാനില്ല,’’ പാവ അവളെ ആശ്വസിപ്പിച്ചു. ‘‘നിനക്കു് യാതൊരു കുഴപ്പവും പററുകയില്ല. ഞാൻ നിന്നോടൊപ്പം ഉള്ളപ്പോൾ നിനക്കു് ഒരാപത്തും വരികയില്ല.’’

‘‘എന്റെ പ്രിയപ്പെട്ട പാവെ, നിനക്കു് നന്ദി,’’ എന്നു പറഞ്ഞിട്ടു് വസിലീസ നടന്നു തുടങ്ങി.

അവൾക്കു ചുററും കാടു് ഒരു കോട്ടപോലെ ഉയർന്നുനിന്നു. ആകാശത്തിൽ പ്രഭാപൂരിതമായ ചന്ദ്രക്കലയുടെ ലാഞ്ഛനപോലും കാണാനില്ല. ആ അന്ധകാരത്തെ ഭേദിക്കാൻ ഒരൊററ നക്ഷത്രം പോലും ഉണ്ടായിരുന്നില്ല.

വസിലീസ വിറച്ചുകൊണ്ടു് മുന്നോട്ടു നടന്നു. അവൾ പാവ മാറോടു് ചേർത്തു പിടിച്ചു.

പെട്ടെന്നു് ഒരു കുതിരസ്സവാരിക്കാരൻ അവളെ കടന്നുപോയി. അയാൾ വെള്ളവസ്ത്രങ്ങളാണു് ധരിച്ചിരുന്നതു്. കുതിരയും വെള്ളനിറമായിരുന്നു. വെള്ളികൊണ്ടുണ്ടാക്കിയ കുതിരക്കോപ്പു് ഇരുട്ടത്തു് വെട്ടിത്തിളങ്ങി.



കിഴക്ക് വെള്ളകീറി. മരക്കുററികളിലും വേരുകളിലും തട്ടിമുട്ടി വസിലീസ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. തിളങ്ങുന്ന തുഷാരബിന്ദുക്കൾ അവളുടെ നീണ്ട മുടിയിൽ പററിപ്പിടിച്ചു. അവളുടെ കൈകാലുകൾ തണുത്തു മരവിച്ചു.

പെട്ടെന്ന് മറെറാരു സവാരിക്കാരൻ ആ വഴി വന്നു. അയാൾ ചുവന്ന വസ്ത്രങ്ങളാണ് ധരിച്ചിരുന്നത് അയാളുടെ കുതിരയും കുതിരക്കോപ്പിനും ചുവപ്പുനിറമായിരുന്നു.

സൂര്യൻ ഉദിച്ചു. അതിൻെറ കിരണങ്ങൾ വസിലീസയെ തഴുകി. അവളുടെ തണുപ്പു മാറി. മുടിയിലെ മഞ്ഞുതുള്ളികൾ ഉണങ്ങി.

വസിലീസ ഒരിക്കൽപ്പോലും നില്ക്കാതെ പകൽ മുഴുവൻ നടന്നു. വൈകുന്നേരമായപ്പോൾ അവൾ മരങ്ങളില്ലാത്ത തുറസ്സായ ഒരു പ്രദേശത്ത് എത്തി.

ചുററും നോക്കിയപ്പോൾ ഒരു കുടിൽ കണ്ടു. കുടിലിനു ചുററും മനുഷ്യരുടെ അസ്ഥികൊണ്ടുള്ള ഒരു വേലിയുണ്ടായിരുന്നു. വേലിയുടെ തലപ്പത്ത് തലയോടുകളാണ് കുത്തിനിർത്തിയിരുന്നത്. പടിവാതിൽ മനുഷ്യരുടെ കാലിലെ എല്ലുകൊണ്ടും സാക്ഷകൾ കയ്യിലെ എല്ലുകൊണ്ടും ഉണ്ടാക്കപ്പെട്ടതായിരുന്നു. അതിലെ പൂട്ടാകട്ടെ കടിച്ചുപിടിച്ച രണ്ടുവരി പല്ലുകളല്ലാതെ മറെറാന്നുമായിരുന്നില്ല.

വസിലീസ പേടികൊണ്ട് സ്തംഭിച്ചുനിന്നു. പെട്ടെന്ന് ഒരു കുതിരസ്സവാരിക്കാരൻ അവിടെ പ്രത്യക്ഷപ്പെട്ടു. അയാളുടെ വസ്ത്രങ്ങൾ കറുത്തതായിരുന്നു, കുതിരയും കുതിരക്കോപ്പിനും കറുപ്പുനിറമായിരുന്നു. സവാരിക്കാരൻ പടിവാതിലിനടുത്തുവരെ കുതിരയോടിച്ചു ചെന്നിട്ട് ഉടൻതന്നെ അപ്രത്യക്ഷനായി.

നേരം രാത്രിയായി. എന്തൊരത്ഭുതം! വേലിയുടെ മുകളിലുള്ള തലയോട്ടികൾ മിന്നിത്തിളങ്ങി. ചുററുപാടും പകൽസമയത്തെപ്പോലെ വെളിച്ചം പരന്നു.



വസിലീസ നിന്നു വിറച്ചു. ഭയംകൊണ്ടു് അവളുടെ കാലുകൾ തറയിൽ ഉറച്ചുപോയി. ആ ഭയാനകമായ പരിസരത്തുനിന്നു് ഓടിരക്ഷപ്പെടാൻ അവളുടെ കാലുകൾ അശക്തങ്ങളായിരുന്നു.

പെട്ടെന്നു് തന്റെ കാലിനടിയിൽ ഭൂമി വിറയ്ക്കുകയും കുലുങ്ങുകയും ചെയ്യുന്നതായി അവൾക്കു തോന്നി. ഒരു കയ്യിൽ ഉലക്കയും മറുകയ്യിൽ ഒരു ചൂലും ചുഴററിക്കൊണ്ടു് ഒരു ഉരലിൽ ഇരുന്നു് ബാബയഗാ എന്ന ദുർമ്മന്ത്രവാദിനി ആകാശത്തിലൂടെ സഞ്ചരിക്കയായിരുന്നു. അവൾ പടിവാതിലിനടുത്തേക്കു പറന്നുചെന്നിട്ടു് അലറി:

''ഫൂ—ഫൂ—ഫൂ! റഷ്യാക്കാരന്റെ മണം! ആരാണവിടെ?''

വസിലീസ ബാബയഗായുടെ അടുത്തുചെന്നു് താണുവണങ്ങിക്കൊണ്ടു് വിനയപുരസ്സരം പറഞ്ഞു:

''അമ്മൂമ്മേ! ഇതു ഞാനാണു്, വസിലീസ. രണ്ടാനമ്മയുടെ മക്കൾ വിളക്കു വാങ്ങിക്കാൻ എന്നെ ഇങ്ങോട്ടു് അയച്ചതാണു്.''

''ആഹാ, ഇതു നീയാണോ?'' ബാബയഗാ പറഞ്ഞു. ''നിന്റെ രണ്ടാനമ്മ എന്റെ ഒരു ബന്ധുക്കാരിയാണു്. നീ ഇവിടെ കുറച്ചുകാലം താമസിച്ചു് പണിയെടുക്കു്. അതു കഴിഞ്ഞു് നമുക്കു് വേണ്ടതു ചെയ്യാം.''

ബാബയഗാ ഉറക്കെ വിളിച്ചു പറഞ്ഞു: ഹേയ്! ബലമുള്ള താഴുകളേ, തുറക്കിൻ! പടിവാതിലേ, വഴികൊടുക്കു്!

വാതിൽ മലർക്കെ തുറന്നു. ബാബയഗാ തന്റെ ഉരൽ അകത്തേക്കു് ഓടിച്ചു. വസിലീസ അവളുടെ പിന്നാലെ നടന്നു് അകത്തുകയറി. പടിവാതിലിനകത്തു കടന്ന ഉടൻതന്നെ അവിടെ നിന്ന ഒരു ബർച്ചുമരം ചില്ലകൾ താഴ്ത്തി അവളെ അടിക്കാനോങ്ങി.

''അവളെ തൊട്ടുപോകരുതു്! ഞാൻ കൂട്ടിക്കൊണ്ടുവന്നതാണു്!'' ബാബയഗാ ബർച്ചുമരത്തോടു പറഞ്ഞു.



അവർ കുടിലിന്റെ മുൻവശത്തെത്തി. അവിടെ കിടന്ന പട്ടി വസിലീസയെ കടിക്കാൻ ചാടിവന്നു.

‘‘അവളെ തൊട്ടുപോകരുതു്! ഞാൻ കൂട്ടിക്കൊണ്ടുവന്നതാണു്!’’ ബാബയഗാ പറഞ്ഞു.

ഇടനാഴിയിൽവച്ചു് വസിലീസയെ മാന്തിക്കീറാനായി ഒരു കണ്ടൻപൂച്ച ഓടിയെത്തി.

‘‘അവളെ തൊട്ടുപോകരുതു്! ഞാൻ കൂട്ടിക്കൊണ്ടുവന്നതാണു്!’’ ബാബയഗാ പറഞ്ഞു.

പിന്നീടു് അവൾ വസിലീസയുടെ നേരെ തിരിഞ്ഞു് താക്കീതു ചെയ്തു: ‘‘വസിലീസ, ഇവിടന്നു് ഓടിപ്പോകാൻ എളുപ്പമല്ലെന്നു് മനസ്സിലാക്കിക്കോ! എന്റെ പൂച്ച നിന്നെ മാന്തിപ്പൊളിക്കും. പട്ടി കടിച്ചു പറിക്കും. ബർച്ചുമരം അടിച്ചു നിന്റെ കണ്ണുപൊട്ടിക്കും. പുറത്തേക്കിറങ്ങാൻ പടിവാതിൽ തുറക്കുകയില്ല.’’

ബാബയഗാ സ്വന്തം മുറിയ്ക്കുള്ളിൽ കടന്നു് ഒരു ബെഞ്ചിൽ നീണ്ടുനിവർന്നു കിടന്നു.

‘‘കറുത്തപെണ്ണേ! തിന്നാൻ എന്തെങ്കിലും കൊണ്ടുവാ,’’ ബാബയഗാ വിളിച്ചുപറഞ്ഞു.

കറുത്തപെണ്ണു് ഓടിവന്നു് ബാബയഗായ്ക്കു് ഭക്ഷണം വിളമ്പി: ഒരു കുടം നിറയെ റഷ്യൻ സൂപ്പു്, രണ്ടു കുട്ടകം പാൽ, ഇരുപതു കോഴി, നാല്പതു താറാവു്, അര കാള, ഒരു പന്നി, രണ്ടു് അട, വീപ്പകണക്കിനു് മദ്യം.

ബാബയഗാ അതു മുഴുവൻ തിന്നുകയും കുടിക്കുകയും ചെയ്തു. എന്നാൽ ഒരു റൊട്ടി കഷണം മാത്രമാണു് അവൾ വസിലീസയ്ക്കു കൊടുത്തതു്.

‘‘വസിലീസ, ഇതാ ഒരു ചാക്കു് ചാമയരി. ഇതു് ഓരോന്നായി തിരിഞ്ഞു പെറുക്കി നല്ലതു മാത്രം ഒരു ചാക്കിൽ കെട്ടിവയ്ക്കണം. ഒരൊറ്റ കറുത്ത അരിയെങ്ങാനു് കണ്ടുപോയാൽ ഞാൻ നിന്നെ അപ്പോൾത്തന്നെ പിടിച്ചു തിന്നും.’’



ബാബയഗാ കണ്ണടച്ചുകിടന്നു. അവൾ കൂർക്കം വലിച്ച് ഉറക്കമായി.

വസിലീസ പാവ പുറത്തെടുത്ത് തനിക്കു കിട്ടിയ റൊട്ടിക്കഷണം അതിന് കൊടുത്തു.

''കുഞ്ഞിപ്പാവേ, നീ ഈ റൊട്ടി തിന്നു്. ഞാൻ എന്റെ ദുഃഖം മുഴുവൻ നിന്നോടു പറയാം. ബാബയഗാ എന്നെ ദുഷ്കരമായ ഒരു പണി ഏല്പിച്ചിരിക്കുകയാണ്. അതു് ചെയ്തില്ലെങ്കിൽ എന്നെ അവൾ തിന്നുകളയും.''

''വിഷമിക്കേണ്ട,'' പാവ പറഞ്ഞു. ''കണ്ണടച്ച് ഉറങ്ങിക്കോ. നേരം വെളുക്കുമ്പോൾ എന്തെങ്കിലും ഒരു പോംവഴി ഉണ്ടാകും.''

വസിലീസ ഉറങ്ങിയ ഉടനെ പാവ ഉറക്കെ വിളിച്ചുപറഞ്ഞു:

''കാക്കകളെ, കുരുവികളെ, പ്രാക്കളെ, പരുന്തുകളെ, വസിലീസയെ സഹായിക്കാൻ പറന്നു വരിൻ!''

പക്ഷികൾ നാനാദിക്കിൽനിന്നും പററം പററമായി പറന്നെത്തി. കണ്ണുകൊണ്ടു കാണാനോ നാക്കുകൊണ്ടു പറയാനോ കഴിയാത്തത്ര പക്ഷികൾ. അവ ചിറകിട്ടടിക്കുകയും കളകളശബ്ദം പൊഴിക്കുകയും ചെയ്തുകൊണ്ട് പണി തുടങ്ങി. അവ ചാമയരികൾ ഒരോന്നായി വളരെ വേഗം തിരിഞ്ഞുപെറുക്കി. നല്ല അരികൾ ചാക്കിലേക്കും കറുത്തവ പക്ഷികളുടെ വയററിലേയ്ക്കും പോയി. രാത്രി വളരെ വേഗം കഴിഞ്ഞെന്നു തോന്നി. ചാക്കു നിറഞ്ഞു.

പക്ഷികൾ പണി മുഴമിച്ച നിമിഷത്തിൽ വെളുത്ത വസ്ത്രമണിഞ്ഞ സവാരിക്കാരൻ വെള്ളക്കുതിരപ്പുറത്ത് ആവഴി കടന്നുപോയി. കിഴക്ക് വെള്ളകീറി. ബാബയഗാ ഉണർന്നു.

''ഞാൻ പറഞ്ഞ പണി ചെയ്തുകഴിഞ്ഞോ, വസിലീസ,'' അവൾ ചോദിച്ചു.

''ചെയ്തുകഴിഞ്ഞു, അമ്മൂമ്മേ.''

ബാബയഗായ്ക്ക് അതു് തീരെ രസിച്ചില്ല. പക്ഷെ എന്തു ചെയ്യാനാണ്?

''ഹും,'' അവൾ മുക്രയിട്ടു. ''ഞാൻ വേട്ടയ്ക്കു പോവുകയാണ്. നീ ആ മൂലയിൽ കെട്ടിവച്ചിരിക്കുന്ന ചാക്കിലെ പയറും കടുകും വേർതിരിച്ച് പ്രത്യേകം പ്രത്യേകം കൂട്ടി വയ്ക്കു്. അതു ചെയ്തില്ലെങ്കിൽ നിന്നെ ഞാൻ ഇന്നു് ശാപ്പിടും.''

ബാബയഗാ മുററത്തിറങ്ങി ചൂളമടിച്ചു. ഉടൻ തന്നെ ഉരലും ഉലക്കയും ഓടിയെത്തി.

ചുവന്ന സവാരിക്കാരൻ കടന്നു പോയി. സൂര്യൻ ഉദിച്ചു.

ബാബയഗാ ഉരലിൽ കയറിയിരുന്ന് ഉലക്കയും ചൂലും ചുഴററിക്കൊണ്ട് യാത്രയായി.

വസിലീസ ഒരു റൊട്ടിത്തരി എടുത്ത് പാവയ്ക്കു കൊടുത്തു.

''എന്റെ പൊന്നു പാവേ! എന്നെ രക്ഷിക്കണേ!'' അവൾ അപേക്ഷിച്ചു.

പാവ മുഴങ്ങുന്ന ശബ്ദത്തിൽ വിളിച്ചു പറഞ്ഞു:

വീട്ടിലും കാട്ടിലും വയലിലും മലയിലുമുള്ള എലികളേ, ഓടിവരിൻ!

എലികൾ കൂട്ടം കൂട്ടമായി വന്നു ചേർന്നു. കണ്ണുകൊണ്ട് കാണാനോ നാക്കുകൊണ്ട് പറയാനോ ആവാത്തത്ര എലികൾ. അരനാഴികകൊണ്ട് അവ പയറും കടുകും വേർതിരിച്ചു.

നേരം സന്ധ്യയാകാറായി. കറുത്തപെണ്ണ് മേശപ്പുറത്ത് വിഭവങ്ങൾ നിരത്തിവച്ചിട്ട് ബാബയഗായുടെ വരവും പ്രതീക്ഷിച്ച് ഇരുന്നു.

കറുത്ത സവാരിക്കാരൻ കുതിരയോടിച്ചു പോയി. നേരം രാത്രിയായി. വേലിത്തലപ്പത്തുള്ള തലയോട്ടികൾ പ്രകാശം പരത്തി. മരങ്ങൾ ഞരങ്ങി. ഇലകൾ ഉലഞ്ഞു. കണ്ണടച്ചു തുറക്കും മുമ്പ് മനുഷ്യരെ അങ്ങിനെതന്നെ വിഴുങ്ങിക്കളയുന്ന കൗശലക്കാരിയും കുബുദ്ധിയുമായ ബാബയഗാ തിരിച്ചുവന്നു.

''ഞാൻ പറഞ്ഞതുപോലെ ചെയ്തോ, വസിലീസാ?'' അവൾ ചോദിച്ചു.

''എല്ലാം ചെയ്തു, അമ്മൂമ്മെ.''

ബാബയഗാസ്സ് ദേഷ്യം സഹിക്കാൻ കഴിയാതെയായി, പക്ഷെ എന്തു പറയാനാണ്!

''ശരി. നീ കിടന്നു് ഉറങ്ങിക്കോ. ഞാനും കിടക്കാൻ പോകയാണ്.''

വസിലീസ അടുപ്പിന്റെ പിന്നിലേക്കു പോയി. ബാബയഗാ കറുത്തപെണ്ണിനോടു് ഇങ്ങിനെ പറയുന്നതു് അവൾ കേട്ടു:

''കറുത്തപെണ്ണേ, അടുപ്പു കത്തിക്കു്. ചൂളയ്ക്കു് നല്ല ചൂടുണ്ടായിരിക്കണം. ഞാൻ ഉറങ്ങിയെണീററാലുടൻ വസിലീസയെ ചുട്ടുതിന്നാൻ പോകയാണ്.''

ബാബയഗാ ഒരു ബഞ്ചിൽ കിടന്നു. താടി ഒരു അലമാരിയിൽ താങ്ങിവച്ചു് ഒരു കാലുകൊണ്ടു് പുതച്ചുമൂടി അവൾ ഉറക്കമായി. അവൾ കൂർക്കംവലിക്കുന്ന ശബ്ദംകൊണ്ടു് കാടാകെ ഞെട്ടിവിറച്ചു.

വസിലീസ പൊട്ടിക്കരഞ്ഞു. അവൾ പാവ പുറത്തെടുത്തു് ഒരു തരി റൊട്ടി അതിനു കൊടുത്തു.

''കുഞ്ഞിപ്പാവേ, ഈ റൊട്ടി തിന്നു്. ഞാൻ എന്റെ സങ്കടം മുഴുവൻ നിന്നോടു പറയാം. ബാബയഗാ എന്നെ ചുട്ടുതിന്നാൻ പോകയാണ്,'' വസിലീസ പറഞ്ഞു.

അവിടെനിന്നു് രക്ഷപ്പെടാനുള്ള മാർഗ്ഗം പാവ അവൾക്കു പറഞ്ഞുകൊടുത്തു.

വസിലീസ കറുത്തപെണ്ണിന്റെ അടുത്തുചെന്നു് താണുവണങ്ങിയിട്ടു് അപേക്ഷിച്ചു.

''കറുത്തപെണ്ണേ, എന്നെ രക്ഷിക്കണേ! അടുപ്പു കത്തിക്കുമ്പോൾ ശരിക്കു കത്താതിരിക്കാൻ വിറകിൽ വെള്ളമൊഴിക്കണം. ഞാൻ എന്റെ പട്ടുതൂവാല നിനക്കു സമ്മാനിക്കാം.''

കറുത്തപെണ്ണു് മറുപടി പറഞ്ഞതു് ഇപ്രകാരമാണ്:

''ശരി, ഞാൻ നിന്നെ സഹായിക്കാം. തീ കൂട്ടാൻ ഞാൻ വളരെയേറെ സമയം ചെലവഴിക്കാം. കൂടാതെ ബാബയഗാ രാത്രിമുഴുവൻ ഉറങ്ങാനായി ഞാൻ അവളുടെ കാലിൽ ഇക്കിളി കൂട്ടുകയും ചൊറിയുകയും ചെയ്യാം. നീ ഓടിപ്പൊയ്ക്കോ.''

''മൂന്നു കുതിരസ്സവാരിക്കാർ എന്നെ പിടികൂടയാലോ?''

''ഇല്ല, അതുണ്ടാകയില്ല,'' കറുത്തപെണ്ണു് പറഞ്ഞു. ''വെള്ളക്കുതിരക്കാരൻ പകലും ചുവന്നകുതിരക്കാരൻ സൂര്യനും കറുത്തകുതിരക്കാരൻ രാത്രിയുമാണ്. അവർ നിന്നെ ഉപദ്രവിക്കയില്ല.''

വസിലീസ ഇടനാഴിയിലേക്കു് ഇറങ്ങി. കണ്ടൻപൂച്ച അവളെ മാന്താൻ പാഞ്ഞുവന്നു. അവൾ അതിനു് ഒരപ്പം ഇട്ടുകൊടുത്തു. അതു് അവളെ തൊട്ടില്ല.

വസിലീസ ഉമ്മറപ്പടികൾ ഇറങ്ങാൻ തുടങ്ങിയപ്പോൾ പട്ടി അവളെ കടിക്കാൻ ഓടിയെത്തി. അവൾ അതിനു് ഒരു കഷണം റൊട്ടി ഇട്ടുകൊടുത്തു. അതു വാലാട്ടിക്കൊണ്ടു് തിരിച്ചുപോയി.

വസിലീസ മുററത്തിറങ്ങി ഓടി. ബർച്ച്മരം അവളെ അടിക്കാൻ ആഞ്ഞു. പക്ഷെ വസിലീസ അതിൽ ഒരു റിബൺ കെട്ടിയപ്പോൾ കടന്നുപോവാൻ മരം അവളെ അനുവദിച്ചു.

പടിവാതിൽ അടയാൻ തുടങ്ങി. പക്ഷെ വസിലീസ അതിന്റെ വിജാഗരികളിൽ എണ്ണ പുരട്ടിയപ്പോൾ അതു താനെ തുറന്നു.

വസിലീസ ഇരുണ്ട കാട്ടിലേക്കിറങ്ങി. ആ സമയത്തു് കറുത്ത സവാരിക്കാരൻ കുതിരയോടിച്ചു് കടന്നു പോയി. കൂററാക്കൂററിരുട്ടു്! വിളക്കില്ലാതെ അവൾ എങ്ങിനെ വീട്ടിലേക്കു മടങ്ങും? അവിടെച്ചെന്നു് എന്തു പറയും. രണ്ടാനമ്മ അവളെ ജീവനോടെ വച്ചേക്കുമോ? വസിലീസ പാവയോടു് ഉപദേശം ചോദിച്ചു. അതു പറഞ്ഞുകൊടുക്കുകയുംചെയ്തു.

വസിലീസ വേലിത്തലപ്പത്തുനിന്നും ഒരു തലയോട്ടിയെടുത്തു് ഒരു കമ്പിന്റെ അററത്തു കുത്തിനിർത്തി, അതുമായി മുമ്പോട്ടുപോയി. തലയോട്ടിയുടെ കണ്ണുകൾ കത്തിജ്വലിച്ചുകൊണ്ടിരുന്നു. അതിന്റെ പ്രകാശത്തിൽ രാത്രി പകലായി മാറി.

കുറെ കഴിഞ്ഞു് ബാബയഗാ ഉണർന്നു് മൂരിനിവർത്തി. വസിലീസ രക്ഷപ്പെട്ടു എന്നു മനസ്സിലായപ്പോൾ അവൾ ഇടനാഴിയിലേക്കു് പാഞ്ഞു.

‘‘വസിലീസ ഓടിപ്പോയപ്പോൾ നീ അവളെ മാന്തിയോ, കണ്ടൻപൂച്ചേ?’’ അവൾ ചോദിച്ചു.

‘‘ഇല്ല, അവൾ എനിക്കു് ഒരപ്പം തന്നതുകൊണ്ടു് ഞാൻ അവളെ കടത്തി വിട്ടു. ഞാൻ കഴിഞ്ഞ പത്തു വർഷമായി നിങ്ങളെ സേവിക്കുന്നു. എന്നിട്ടു് ഒരു റൊട്ടിക്കഷണംപോലും നിങ്ങൾ ഒരിക്കലും തന്നിട്ടില്ല,’’ പൂച്ച പറഞ്ഞു.

ബാബയഗാ മുററത്തേക്കു് ഓടി.

‘‘വിശ്വസ്തനായ എന്റെ പട്ടീ, നീ വസിലീസയെ കടിച്ചില്ലേ?’’ അവൾ ചോദിച്ചു.

‘‘ഇല്ല,’’ പട്ടി പറഞ്ഞു. ‘‘അവൾ എനിക്കു് ഒരു കഷണം റൊട്ടി തന്നു. ഞാൻ അവളെ കടത്തിവിട്ടു. ഞാൻ എത്ര കാലമായി നിങ്ങളെ സേവിക്കുന്നു. എന്നിട്ടു് ഒരു എല്ലിൽമുട്ടിപോലും നിങ്ങൾ എനിക്കു് തന്നിട്ടില്ല.’’

‘‘ബർച്ചേ, ബർച്ചേ!’’ ബാബയഗാ അലറി. ‘‘നീ വസിലീസയുടെ കണ്ണുപൊട്ടിച്ചില്ലേ?’’

‘‘ഇല്ല,’’ ബർച്ചുമരം പറഞ്ഞു. ‘‘വസിലീസ എന്റെ ശാഖകൾ ഒരു റിബൺകൊണ്ടുകെട്ടി. ഞാൻ അവളെ കടത്തിവിട്ടു. കഴിഞ്ഞ പത്തുവർഷമായി ഞാൻ ഇവിടെ വളരുന്നു. നിങ്ങൾ ഇതേവരെ ഒരു ചരടുകൊണ്ടുപോലും അവ കെട്ടിവച്ചിട്ടില്ല.’’

ബാബയഗാ പടിവാതിലിനടുത്തേക്കു് ഓടി.

‘‘പടിവാതിലേ, പടിവാതിലേ! വസിലീസ പുറത്തു കടക്കാതെ നീ അടഞ്ഞില്ലേ?’’

‘‘ഇല്ല,’’ വാതിൽ പറഞ്ഞു. ‘‘അവൾ എന്റെ വിജാഗരികൾക്കു് എണ്ണയിട്ടതുകൊണ്ടു് ഞാൻ അവളെ കടത്തിവിട്ടു. എത്രകാലമായി ഞാൻ നിങ്ങളെ സേവിക്കുന്നു, എന്നിട്ടു് നിങ്ങൾ അവയിൽ പച്ചവെള്ളംപോലും പുരട്ടിയിട്ടില്ല.’’

ബാബയഗാ കലിതുള്ളി. അവൾ പൂച്ചയെ തൊഴിക്കുകയും പട്ടിയെ അടിക്കുകയും പടിവാതിൽ തല്ലിപ്പൊളിക്കുകയും മരം വെട്ടിക്കളയുകയും ചെയ്തു. അത്രയും കഴിഞ്ഞപ്പോഴേക്കു് അവൾക്കു്



കലശലായ ക്ഷീണം തോന്നിയതിനാൽ വസിലീസയുടെ കാര്യം അവൾ പാടെ മറന്നുപോയി.

വസിലീസ വീട്ടിലേക്ക് ഓടി. അപ്പോഴും വീട്ടിൽ വെളിച്ചമുണ്ടായിരുന്നില്ല. രണ്ടാനമ്മയുടെ മക്കൾ രണ്ടുപേരും ഓടിവന്ന് അവളെ ശകാരിച്ചു:

‘‘വെളിച്ചം കൊണ്ടുവരാൻ ഇത്ര താമസിച്ചതെന്താണ്? ഞങ്ങൾ എത്ര ശ്രമിച്ചിട്ടും വിളക്കു കത്തിക്കാൻ കഴിയുന്നില്ല. അടുത്ത വീട്ടിൽ നിന്ന് തന്ന വിളക്ക് അകത്തു കൊണ്ടുവന്നപ്പോൾ തന്നെ അണഞ്ഞുപോയി. ഒരു പക്ഷെ നിന്റെ കയ്യിലെ വെളിച്ചം അണയുകയില്ലായിരിക്കും.’’

അവർ തലയോട്ടി കുടിലിനകത്തേക്കു കൊണ്ടുപോയി. അതിന്റെ കണ്ണുകൾ രണ്ടാനമ്മയേയും പെൺമക്കളേയും തുറിച്ചു നോക്കിക്കൊണ്ടിരുന്നു. അവരുടെ ദേഹം പൊള്ളിത്തുടങ്ങി. അവർ ഓടിയൊളിക്കാൻ ശ്രമിച്ചെങ്കിലും കത്തിജ്വലിക്കുന്ന കണ്ണുകൾ എല്ലായിടത്തും അവരെ പിൻതുടർന്നു. നേരം വെളുത്തപ്പോഴേക്കും അവർ മൂവരും കത്തി ചാമ്പലായിപ്പോയി! വസിലീസയ്ക്കു മാത്രം യാതൊരു കുഴപ്പവുമില്ല.

വസിലീസ തലയോട്ടി മുററത്തു കുഴിച്ചിട്ടു. അവിടെ ചുവന്ന പൂക്കളുള്ള ഒരു റോസാച്ചെടി കിളിർത്തുവന്നു.

വസിലീസക്ക് ആ കുടിലിൽ താമസിക്കാൻ ആഗ്രഹമുണ്ടായിരുന്നില്ല. അവൾ പട്ടണത്തിൽ ചെന്ന് ഒരു വൃദ്ധയോടൊപ്പം താമസംതുടങ്ങി.

ഒരു ദിവസം വസിലീസ വൃദ്ധയോടു പറഞ്ഞു:

‘‘ജോലിചെയ്യാതെ വെറുതെ ഇരുന്ന് ഞാൻ മുഷിഞ്ഞു. അമ്മൂമ്മെ, എനിക്ക് കുറച്ച് ചണനാരു വാങ്ങിത്തരൂ. മുന്തിയ ഇനമായിരിക്കണം.’’

വൃദ്ധ ചണനാരു വാങ്ങിക്കൊണ്ടുവന്നു. വസിലീസ പണി തുടങ്ങി. അതിൽനിന്ന് അവൾ സ്വർണ്ണനിറമുള്ള അതിലോലമായ നൂലു നൂററെടുത്തു. ആ നൂലുപയോഗിച്ച് അവൾ തുണി നെയ്തു. മടക്കിയെടുത്താൽ ഒരു സൂചിക്കുഴയിലൂടെ കടത്താവുന്നത്ര നേർമ്മയുള്ള തുണിയായിരുന്നു അത്. അവൾ ആ തുണി അലക്കി കോടിനിറം കളഞ്ഞപ്പോൾ അതിന് മഞ്ഞിന്റെ വെണ്മയുണ്ടായി.

‘‘അമ്മൂമ്മെ,’’ വസിലീസ പറഞ്ഞു. ‘‘ഈ തുണി വിററ് പണം എടുത്തോളൂ.’’

വൃദ്ധ ആ തുണി നോക്കി അത്ഭുതപ്പെട്ടു.

‘‘ഇതു വില്ക്കാൻ പാടില്ല, മോളെ! ഈ തുണി രാജകുമാരന്മാർക്കു ധരിക്കാനുള്ളതാണ്. ഞാൻ ഇത് കൊട്ടാരത്തിൽ കൊണ്ടുപോയി കാഴ്ചവയ്ക്കും.’’

വൃദ്ധ തുണി കൊട്ടാരത്തിലേക്കു കൊണ്ടുപോയി. രാജകുമാരൻ അതു കണ്ട് അതിശയിച്ചു.

‘‘ഇതിന് എന്തു തരണം?’’ അദ്ദേഹം ചോദിച്ചു.

‘‘ഇതു വില്ക്കാനുള്ളതല്ല. അവിടത്തേക്കു കാഴ്ചവയ്ക്കാൻ കൊണ്ടുവന്നതാണ്.’’

രാജകുമാരൻ വൃദ്ധയോട് നന്ദിപറഞ്ഞു. അനേകം സമ്മാനങ്ങൾ നൽകിയാണ് അദ്ദേഹം അവരെ മടക്കിയയച്ചത്.

എന്നാൽ ആ മനോഹരമായ തുണികൊണ്ട് കുപ്പായം തുന്നാൻതക്ക കരവിരുതുള്ള ഒരു തുന്നൽക്കാരിയെ കണ്ടുപിടിക്കാൻ രാജകുമാരനു കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം വൃദ്ധയെത്തന്നെ കൊട്ടാരത്തിലേയ്ക്ക് വിളിപ്പിച്ചു.

‘‘ഈ മനോഹരമായ തുണി നെയ്തെടുത്ത നിങ്ങൾക്കുമാത്രമേ ഇതുകൊണ്ട് എനിക്കൊരു കുപ്പായം തുന്നിത്തരാൻ കഴിയുകയുള്ളൂ,’’ രാജകുമാരൻ പറഞ്ഞു.

‘‘നൂൽ നൂററതും തുണി നെയ്തതും ഞാനല്ല, വസിലീസ എന്നു പേരുള്ള ഒരു പെൺകിടാവാണ്.’’

‘‘എന്നാൽ എനിക്ക് ഒരു കുപ്പായം തുന്നിത്തരാൻ അവളോടു പറയൂ.’’

വൃദ്ധ വീട്ടിൽച്ചെന്ന് വസിലീസയോട് കാര്യങ്ങളെല്ലാം പറഞ്ഞു.

വസിലീസ കുപ്പായം തുന്നി. അവൾ അതിൽ പട്ടുനൂലുകൊണ്ടു് ചിത്രപ്പണി ചെയ്തു, ഉരുണ്ട വെൺമുത്തുകൾ തുന്നിപ്പിടിപ്പിച്ചു. കുപ്പായം വൃദ്ധയുടെ കയ്യിൽ കൊട്ടാരത്തിലേക്കു കൊടുത്തയച്ചിട്ടു് വസിലീസ ഒരു തൂവാല തുന്നിക്കൊണ്ടു് ജനലിനടുത്തിരുന്നു.

ഒരു രാജകിങ്കരൻ തൻെറ അടുത്തേക്കു് ഓടിവരുന്നതാണു് തലയുയർത്തി നോക്കിയപ്പോൾ അവൾ കണ്ടതു്.

''നീ കൊട്ടാരത്തിലേക്കു ചെല്ലണമെന്നു് രാജകുമാരൻ കല്പിച്ചിരിക്കുന്നു,'' അയാൾ പറഞ്ഞു.

വസിലീസ കൊട്ടാരത്തിലെത്തി. രാജകുമാരൻ അവളുടെ സൗന്ദര്യത്തിൽ മതിമയങ്ങിപ്പോയി.

''നിന്നെ പിരിഞ്ഞിരിക്കാൻ ഞാൻ അശക്തനാണു്. നീ എൻെറ ഭാര്യയായിരിക്കണം,'' അദ്ദേഹം പറഞ്ഞു.

അവളുടെ പാലുപോലെ വെളുത്ത കരങ്ങൾ രണ്ടും ഗ്രഹിച്ചു് രാജകുമാരൻ അവളെ തൻെറ അടുത്തിരുത്തി.

വസിലീസയുടേയും രാജകുമാരൻേറയും കല്യാണം കഴിഞ്ഞു. വസിലീസയുടെ അച്ഛൻ തിരിച്ചെത്തിയപ്പോൾ അയാളും കൊട്ടാരത്തിൽ താമസമാക്കി.

വൃദ്ധയേയും വസിലീസ തന്നോടൊപ്പം പാർപ്പിച്ചു. അപ്പോഴും ആ കൊച്ചു പാവയെ വസിലീസ തൻെറ ഉടുപ്പിൻെറ കീശയിൽത്തന്നെ സൂക്ഷിച്ചു.

ഇപ്പോഴും അവർ സുഖമായി താമസിക്കുന്നു, നാം വിരുന്നുണ്ണാൻ ചെല്ലുന്നതും കാത്തു്.

ഉള്ളടക്കം


തീപ്പക്ഷി

തവളരാജകുമാരി

ചെമ്പൻ കുതിര

വാളമീൻ കല്പിക്കുന്നു

സുന്ദരിയായ വസിലീസ

© ഉള്ളടക്കവും ചിത്രങ്ങളും.
പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, 1976